കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം*

നമ്പർ 2615/ലെഗ്. സി2/2005/നിയമം. തിരുവനന്തപുരം, 2006 ഒക്ടോബർ 31 / 1928 കാർത്തിക 9.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2006 ഒക്ടോബർ 31-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. ജഹാംഗീർ,

നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

---

* 1728-ാം നമ്പർ അസാധാരണ ഗസറ്റായി 31-10-2006-ൽ പ്രസിദ്ധീകരിച്ചത്.

GCPT. 3/4872/2007/DTP.

2006-ലെ 24-ാം ആക്റ്റ്

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ്

1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

<u>നിർവചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ഡി) "തൊഴിലുടമ" എന്നാൽ നേരിട്ടോ അല്ലാതെയോ തനിക്ക് വേണ്ടിയോ മറ്റേതെങ്കിലും ആൾക്ക് വേണ്ടിയോ ഏതെങ്കിലും ജോലി ചെയ്യുന്നതിനുവേണ്ടി, 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്ന ആശുപത്രി, ആതുര ശുശ്രൂഷാലയം, വൈദ്യശാല, ഡിസ്പെൻസറി, മരുന്നുവിൽപ്പനശാല, പാരാമെഡിക്കൽ സ്ഥാപനം, പാഴ്സൽ സർവ്വീസ്, പെട്രോൾ-ഡീസൽ-ഓട്ടോ ഗ്യാസ് ബങ്കുകൾ, മത്സ്യ സംസ്കരണ സ്ഥാപനം, ഭക്ഷ്യ സംസ്കരണ സ്ഥാപനം, വസ്ത്ര നിർമ്മാണ സ്ഥാപനം, ഹോട്ടൽ, ഭോജനശാല, ഇറച്ചി വിൽപ്പനശാല, കമ്പ്യൂട്ടർ-കമ്പ്യൂട്ടർ അനുബന്ധ സേവന സ്ഥാപനം, അച്ചടിശാല, ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ്, പാചക വാതക വിതരണ ഏജൻസി, ഹോസ്റ്റൽ, മലഞ്ചരക്ക് സംഭരണ വിപണന സ്ഥാപനം, ചെറുകിട കൊപ്ര സംസ്കരണ യൂണിറ്റ്, ചെറുകിട ഓയിൽ മിൽ, തുകൽ സംഭരണ സ്ഥാപനം, ചെറുകിട ചെരുപ്പ്-ബാഗ് നിർമ്മാണ സ്ഥാപനം, സിനിമാ തിയേറ്റർ, ഫോട്ടോ/വീഡിയോ സ്റ്റുഡിയോ, ബേക്കറി, ഓട്ടോമൊബൈൽ-എഞ്ചിനീയറിംഗ് സ്ഥാപനം, ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനം എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലോ, കച്ചവട/വ്യാപാര സ്ഥാപനങ്ങളിലോ ഒന്നോ അതിലധികമോ തൊഴിലാളികളെ നിയമിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ഇ) "കുടുംബം" എന്നാൽ,—

(i) ഭർത്താവ് അല്ലെങ്കിൽ ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ എന്നിവരും;

(ii) കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളിയെയോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളെയോ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും അമ്മയും വിധവകളായ പുത്രിമാരും എന്നർത്ഥമാകുന്നു;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ജി) "തൊഴിലാളി" എന്നാൽ 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്ന തൊഴിലാളി എന്നർത്ഥമാകുന്നതും അതിൽ ആശുപത്രി, ആതുര ശുശ്രൂഷാലയം, വൈദ്യശാല, ഡിസ്പെൻസറി, മരുന്നുവിൽപ്പനശാല, പാരാമെഡിക്കൽ സ്ഥാപനം, പാഴ്സൽ സർവ്വീസ്, പെട്രോൾ-ഡീസൽ-ഓട്ടോ ഗ്യാസ് ബങ്കുകൾ, മത്സ്യ സംസ്കരണ സ്ഥാപനം, ഭക്ഷ്യ സംസ്കരണ സ്ഥാപനം. വസ്ത്ര നിർമ്മാണ സ്ഥാപനം, ഹോട്ടൽ, ഭോജനശാല, ഇറച്ചി വിൽപ്പനശാല, കമ്പ്യൂട്ടർ-കമ്പ്യൂട്ടർ അനുബന്ധ സേവന സ്ഥാപനം, അച്ചടിശാല, ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ്, പാചക വാതക വിതരണ ഏജൻസി, ഹോസ്റ്റൽ, മലഞ്ചരക്ക് സംഭരണ വിപണന സ്ഥാപനം, ചെറുകിട കൊപ്ര സംസ്കരണ യൂണിറ്റ്, ചെറുകിട ഓയിൽ മിൽ, തുകൽ സംഭരണ സ്ഥാപനം, ചെറുകിട ചെരുപ്പ്-ബാഗ് നിർമ്മാണ സ്ഥാപനം, സിനിമാ തിയേറ്റർ, ഫോട്ടോ/വീഡിയോ സ്റ്റുഡിയോ, ബേക്കറി, ഓട്ടോമൊബൈൽ-എഞ്ചിനീയറിംഗ് സ്ഥാപനം, ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനം എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലോ, കച്ചവട/വ്യാപാര സ്ഥാപനങ്ങളിലോ തൊഴിൽ ചെയ്യുകയും തൊഴിലുടമയിൽ നിന്നും നേരിട്ടോ അല്ലാതെയോ, കോൺട്രാക്ടർ മുഖേനയോ ഏജന്റ് മുഖേനയോ കരാർ വ്യവസ്ഥയിലോ അല്ലാതെയോ വേതനം പറ്റുന്ന ആളും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളും, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, സർക്കാർ കാലാകാലങ്ങളിൽ, ഗസറ്റ് വിജ്ഞാപനം മൂലം, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽവരുന്ന തൊഴിലാളിയായി പ്രഖ്യാപിക്കുന്ന മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു:

എന്നാൽ, കേരള സർക്കാരിന്റെ മറ്റേതെങ്കിലും ക്ഷേമനിധിയോ 1948-ലെ ഫാക്ടറീസ് ആക്റ്റോ, 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റോ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളും നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആനുകൂല്യം ലഭിക്കുന്നവരും ഈ ക്ഷേമനിധിയിൽ ഉൾപ്പെടാത്തതുമാകുന്നു;

(എച്ച്) "അംഗം" എന്നാൽ നിധിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(ഐ) "ആൾ" എന്നതിൽ ഒരു കമ്പനിയോ ഒരു ഫേമോ വ്യക്തികളുടെ സമാജമോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘമോ ഉൾപ്പെടുന്നതുമാകുന്നു;

(ജെ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു;

(കെ) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം തയ്യാറാക്കിയിട്ടുള്ള പദ്ധതി എന്നർത്ഥമാകുന്നു;

(എൽ) "സ്വന്തമായി തൊഴിൽ ചെയ്യുന്ന ആൾ" എന്നാൽ യഥാർത്ഥത്തിൽ ഉപജീവനത്തിനായി പ്രധാനമായും 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും തൊഴിൽ, തൊഴിലാളികളെ നിയോഗിക്കാതെ സ്വന്തമായി നടത്തുന്ന ആൾ എന്നർത്ഥമാകുന്നതും അതിൽ വ്യാപാരി വ്യവസായി ക്ഷേമനിധിയിലേയോ റേഷൻ വ്യാപാരി ക്ഷേമനിധി യിലേയോ അംഗമായ ഒരാൾ ഉൾപ്പെടാത്തതുമാകുന്നു;

(എം) "വേതനം" എന്നാൽ ഒരു കലണ്ടർ മാസത്തിൽ ക്ഷാമബത്ത, മറ്റ് അലവൻസുകൾ ഉൾപ്പെടെ ഒരു തൊഴിലാളി കൈപ്പറ്റുന്ന ആകെ തുക എന്നർത്ഥമാകുന്നു;

(എൻ) "വർഷം" എന്നാൽ ഏപ്രിൽ ഒന്നു മുതൽ തുടങ്ങുന്ന സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം "കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും ഈ പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയു ന്നതും വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്, അതായത്:—

(എ) 4-ാം വകുപ്പ് പ്രകാരമുള്ള അംശദായങ്ങൾ;

(ബി) 10-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക;

(സി) 20-ാം വകുപ്പ് പ്രകാരം വസൂലാക്കിയ നഷ്ടപരിഹാരം;

(ഡി) ഭാരത സർക്കാരോ, സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളോ, വായ്പകളോ, അഡ്വാൻസുകളോ;

(ഇ) മറ്റേതെങ്കിലും മാർഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും;

(എഫ്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനായി മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ബോർഡ് ആർജിക്കുന്ന ഏതെങ്കിലും തുക;

(ജി) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

(3) നിധി, 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡിനാൽ കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

(4) നിധി ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) സ്ഥിരമായ ശാരീരിക അവശതമൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യുവാൻ കഴിയാതിരിക്കുകയോ, അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ളതും എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ക്ഷേമപദ്ധതിയിൽ കുറഞ്ഞപക്ഷം പത്തു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചതുമായ അംഗത്തിന് പെൻഷൻ നൽകുന്നതിന്; കുറഞ്ഞപക്ഷം പതിനഞ്ച് വർഷക്കാലം എങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗം മരിച്ചുപോയാൽ കുടുംബ പെൻഷൻ നൽകുന്നതിനും;

(ബി) ഫണ്ടിലേക്ക് ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവത്തിന് പന്ത്രണ്ട് ആഴ്ചയും, മാസം തികയാതെയുള്ള പ്രസവം, ഗർഭമലസൽ, നിയമപ്രകാരമുള്ള ഗർഭഛിദ്രം എന്നിവയ്ക്ക് ആറാഴ്ച വീതവും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രസവകാല വേതനം നൽകുന്നതിന്:

എന്നാൽ, പ്രസവകാല വേതനം പരമാവധി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല;

(സി) മൂന്ന് വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾക്കോ, കുടുംബത്തിലെ ആശ്രിതരുടെ മരണം സംബന്ധിച്ച ചെലവുകൾക്കോ സഹായധനം നൽകുന്നതിന്;

(ഡി) ഒരു വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായമടച്ച അംഗങ്ങളായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ, ക്ഷേമനിധി ബോർഡുമായി ആലോചിച്ച് നിശ്ചയിക്കാവുന്ന ചില നിബന്ധനകൾക്ക് വിധേയമായി, വിദ്യാഭ്യാസാനുകൂല്യവും ഒരുവർഷത്തിൽ തൊണ്ണൂറ് ദിവസത്തിൽ കവിയാത്ത കാലയളവിലേക്ക് അയാളുടെ വേതനത്തിന് തുല്യമായ തുക ചികിത്സാ സഹായമായും നൽകുന്നതിന്;

(ഇ) മൂന്ന് വർഷക്കാലമോ അതിലധികമോ തുടർച്ചയായി ഫണ്ടിലേക്ക് അംശദായം അടച്ച ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരിച്ചുപോയാൽ കാലാകാലങ്ങളിൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം മരണാനന്തര സഹായധനം നൽകുന്നതിന്.

<u>വിശദീകരണം</u>:— ഒരു വർഷത്തിൽ ആറുമാസമോ അതിലധികമോ തുടർച്ചയായി അംശദായം അടച്ചവർ ആ വർഷം പൂർത്തിയാകുംവരെ അംഗമായി തുടർന്നതായി കണക്കാക്കേണ്ടതും അതനുസരിച്ച് പെൻഷൻ, മരണാനന്തര സഹായധനം എന്നിവ കണക്കാക്കേണ്ടതുമാണ്. ആറുമാസത്തിൽ താഴെയുള്ള സർവ്വീസ് കണക്കിലെടുക്കാവുന്നതല്ല.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ അംഗവും പ്രതിമാസം ഇരുപത് രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്;

(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിയേയും സംബന്ധിച്ച് ഇരുപത് രൂപ വീതം ഓരോ മാസവും നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്;

(3) സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അംശദായത്തിന് പുറമേ പ്രതിമാസം ഇരുപത് രൂപ കൂടി അംശദായമായി നിധിയിലേക്ക് നൽകേണ്ടതാണ്;

(4) ഓരോ അംഗവും (1)-ാം ഉപവകുപ്പ് പ്രകാരം പ്രതിമാസം ഫണ്ടിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം അഞ്ച് രൂപ വീതമോ അല്ലെങ്കിൽ തൊഴിലാളി വിഹിതത്തിന്റെ ഇരുപത്തിഅഞ്ച് ശതമാനമോ അതിൽ ഏതാണോ കൂടുതൽ അത് ഗ്രാന്റായി സർക്കാർ നിധിയിലേക്ക് അടയ്ക്കേണ്ടതാണ്;

(5) ഇപ്രകാരം അടയ്ക്കേണ്ടതായ അംശദായം ഇത്തരം തുക ശേഖരിക്കുന്നതിന് ബോർഡ് അംഗീകരിച്ച ഏതെങ്കിലും സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കുകളിലോ സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ അടയ്ക്കേണ്ടതാണ്;

(6) (1) ഉം (2) ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള അംശദായ നിരക്കുകളും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും, സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്നു വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനംമൂലം പുനർ നിർണ്ണയിക്കാവുന്നതാണ്;

(7) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ വിജ്ഞാപനത്തിൽ, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത പ്രകാരത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

5. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ഏതെങ്കിലും ഭേദഗതി വരുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

6. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ പ്രത്യേകം നിർദ്ദേശിക്കാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവഹണത്തിനും നടത്തിപ്പിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടി "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്;

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു;

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്:

(i) തൊഴിലാളികളെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരെയും പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(ii) തൊഴിലുടമകളെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ.

(4) സർക്കാർ ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്;

(5) സർക്കാർ ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്;

(6) ബോർഡ്, അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തേണ്ടതാണ്;

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ബോർഡ് നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്ന് കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ ഏതെങ്കിലും ഡയറക്ടർക്കോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ബോർഡിലെ മറ്റ് ഏതെങ്കിലും ഓഫീസർക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്;

(8) ബോർഡിലേക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞു കിട്ടുന്ന തുകയുടെ ഏഴ് ശതമാനംവരെയോ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കാവുന്ന തുകയോ ബോർഡിലെ സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് അംഗീകൃത ചെലവുകൾക്കുമായി ചെലവഴിക്കാവുന്നതാണ്.

7. <u>ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.</u>—(1) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ടർ മൂന്ന് വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 8-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, എപ്പോൾ വേണമെങ്കിലും കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ബോർഡിലെ ഏതൊരു ഡയറക്ടറേയും ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അത്, നിർദ്ദേശിക്കപ്പെട്ട നീക്കം ചെയ്യലിന് എതിരായി കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയതിനുശേഷം ആയിരിക്കേണ്ടതുമാണ്:

എന്നാൽ, പൊതുതാത്പര്യം പരിഗണിച്ച് കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള ഒരു അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതുമാകുന്നു.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

8. <u>അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും താഴെ പറയുന്ന കാരണങ്ങളാൽ ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്:

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ:

എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപ് ബോർഡിന് അപ്രകാരമുള്ള അസാന്നിദ്ധ്യം മതിയായ കാരണങ്ങളാൽ മാപ്പാക്കാവുന്നതാണ്;

(ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ, ഡയറക്ടർ ആയി അദ്ദേഹം തുടരുന്നത് പൊതു താത്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, മറ്റ് വിധത്തിൽ സർക്കാർ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് അതേ ബോർഡിലെ ഡയറക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

9. <u>ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം</u>.—(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ബോർഡിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്ന സംഗതിയിൽ അതത് സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ഒന്നാം ഭാഗത്തിലെ 14 മുതൽ 17 വരെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ താൽക്കാലികമായി ഡെപ്യൂട്ടേഷൻ മുഖാന്തിരം നിയമനം നടത്താവുന്നതാണ്.

10. <u>കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം</u>.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

11. <u>കിട്ടേണ്ട തുക തീരുമാനിക്കൽ</u>.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും 4-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയാൻ അവസരം

നൽകിയതിനുശേഷവും, ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട അംശദായം ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഒരു ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ചുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും; അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ അയയ്ക്കുന്നതിന്.

(3) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥ വ്യാപ്തിയിൽപ്പെടുന്നതും പ്രസ്തുത നിയമത്തിലെ 196-ാം വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു ജുഡീഷ്യൽ നടപടി ആയി കരുതപ്പെടേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിൻമേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ലേബർ കമ്മീഷണർക്കോ, ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻ അതിൻമേൽ ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതുമാണ്.

(5) സർക്കാരിന് സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിൻമേലോ, ലേബർ കമ്മീഷണറോ (4)-ാം ഉപവകുപ്പ് പ്രകാരം അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എടുത്ത ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും ഉത്തരവുകൾ പാസാക്കാവുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള അപേക്ഷ, അപേക്ഷകൻ ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ്:

എന്നുമാത്രമല്ല, ബാധകമായേക്കാവുന്ന ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ യാതൊരു ഉത്തരവും ഈ ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

12. <u>അംശദായം താൽക്കാലികമായി തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും.</u>—(1) 4-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള ഓരോ തൊഴിലുടമയും നൽകേണ്ടതായ തുക 11-ാം വകുപ്പ് പ്രകാരം തിട്ടപ്പെടുത്തുന്നതുവരെ പ്രസ്തുത വകുപ്പ് പ്രകാരം ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയതനുസരിച്ച് അയാൾ ഓരോ വർഷവും നൽകേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക പിന്നീട്

വരുന്ന ഓരോ മാസവും അഞ്ചാം തീയതിയിലോ അതിനുമുൻപോ പദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ള രീതിയിൽ നൽകേണ്ടതാണ്.

(2) തൊഴിലുടമയോ, തൊഴിലാളിയോ, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളോ അംശദായം കൊടുക്കേണ്ട തീയതിയിലോ അതിനു മുൻപോ അത് കൊടുത്തിട്ടില്ലാത്തിടത്ത്, ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അയാൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക നൽകാത്തപക്ഷം പ്രതിവർഷം പന്ത്രണ്ട് ശതമാനം പലിശയടക്കം ആ തുക ഭൂമിയിൻമേലുള്ള കരകുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു തൊഴിലുടമ നൽകിയ തുക ആ വർഷത്തേക്ക് 11-ാം വകുപ്പ് പ്രകാരം തീരുമാനിച്ച തുകയിൽ തട്ടിക്കിഴിക്കേണ്ടതാണ്.

13. <u>അപ്പീൽ ഹർജി നൽകേണ്ട രീതി.</u>—ഈ ആക്റ്റിലേയോ അല്ലെങ്കിൽ പദ്ധതിയുടേയോ വ്യവസ്ഥകൾ പ്രകാരം തൊഴിലാളിയിൽ നിന്നോ, തൊഴിലുടമയിൽ നിന്നോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളിൽ നിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ ആ കടത്തിൻമേൽ അപ്പീൽ ബോധിപ്പിക്കണമെന്ന് തോന്നുന്നപക്ഷം ആ തുകയുടെ പകുതി തുകയെങ്കിലും നോട്ടീസ് ലഭിച്ച് പതിനഞ്ച് ദിവസത്തിനകം അടച്ചശേഷം ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർക്ക് (ജനറൽ) പരാതി സമർപ്പിക്കാവുന്നതും അപ്രകാരമുള്ള പരാതിയിൻമേൽ ജില്ലാ ലേബർ ഓഫീസർ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് മുഖാന്തിരം അന്വേഷണം നടത്തിയശേഷവും തെളിവെടുപ്പ് നടത്തി വാദം കേട്ടശേഷവും മൂന്ന് മാസത്തിനകം അന്തിമ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

14. <u>മറ്റ് കടങ്ങളേക്കാൾ അംശദായം നൽകുന്നതിന് മുൻഗണന.</u>—4-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് അംശദായം നൽകാൻ ബാദ്ധ്യസ്ഥനായിട്ടുള്ള തൊഴിലുടമ പാപ്പരാണെന്ന് വിധിക്കപ്പെടുകയോ, അല്ലെങ്കിൽ, അപ്രകാരമുള്ള തൊഴിലുടമ ഒരു കമ്പനി ആയിരിക്കുകയും അത് വൈൻഡ്-അപ് ചെയ്യുന്നതു സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, ഈ ആക്റ്റോ പദ്ധതിയോ അനുസരിച്ച് അപ്രകാരമുള്ള തൊഴിലുടമയിൽ നിന്ന് കിട്ടാനുള്ള തുക സംബന്ധിച്ച ബാദ്ധ്യത, പാപ്പരായി വിധിക്കപ്പെട്ടത് സംബന്ധിച്ചോ വൈൻഡ്-അപ് ചെയ്യുന്നത് സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപുള്ളതാണെങ്കിൽ 1955-ലെ ഇൻസോൾവൻസി ആക്റ്റ് (1956-ലെ 2) 64-ാം വകുപ്പ് പ്രകാരമോ 1956-ലെ കമ്പനീസ് ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 530-ാം വകുപ്പ് പ്രകാരമോ, അതത് സംഗതിപോലെ പാപ്പരായ ആളിന്റെ വസ്തുവകകളോ അഥവാ വൈൻഡ്-അപ് ചെയ്യപ്പെടുന്ന കമ്പനികളുടെ ആസ്തികളോ വീതിച്ച് നൽകുമ്പോൾ മറ്റെല്ലാ കടങ്ങൾക്കുംമേൽ മുൻഗണന നൽകി കൊടുത്തുതീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കാൻ പാടില്ലെന്ന്.—യാതൊരു തൊഴിലുടമയും നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകാനുള്ള ബാദ്ധ്യത് കളുടെ പേരിൽ മാത്രം ഈ പദ്ധതി ബാധകമാകുന്ന ഏതെങ്കിലും തൊഴിലാളിയുടെ വേതനമോ, അയാളുടെ പ്രകടമോ വ്യംഗ്യമോ ആയ നിയമന വ്യവസ്ഥകൾ പ്രകാരം അയാൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളോ, പ്രത്യക്ഷമായോ പരോക്ഷമായോ കുറവുചെയ്യാൻ പാടുള്ളതല്ല.

16. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സെർവെന്റ്സ് ആയിരിക്കണമെന്ന്.—ബോർഡിന്റെ ഓരോ ഡയറക്ടറും 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുസരിച്ച് നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മറ്റ് ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ശിക്ഷ.—(1) ഈ ആക്റ്റോ പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അഥവാ മറ്റേതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് സഹായിക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവന നടത്തുകയോ തെറ്റായി ധരിപ്പിക്കുകയോ വ്യാജമായ നിവേദനം നടത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ അല്ലെങ്കിൽ അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അഥവാ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ വീഴ്ചവരുത്തലിനോ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ മറ്റൊരിടത്തും മറ്റുവിധത്തിലുള്ള ശിക്ഷയ്ക്ക് വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, രണ്ട് മാസം വരെയാകാവുന്ന തടവോ അല്ലെങ്കിൽ നാന്നൂറ് രൂപ വരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകിയ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിൻമേലല്ലാതെ, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ഏതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

18. രണ്ടാമതോ തുടർന്നോ ചെയ്യുന്ന കുറ്റത്തിന് വർദ്ധിച്ച ശിക്ഷ.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കോടതി വിധിച്ചിട്ടുള്ള ഏതൊരാളും അതേ കുറ്റം വീണ്ടും ചെയ്യുന്നതായാൽ അപ്രകാരം ചെയ്യുന്ന ഓരോ കുറ്റത്തിനും ഒരു വർഷം വരെ ആകാവുന്നതും എന്നാൽ രണ്ടു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ തടവോ അഥവാ മൂവായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ, കോടതിക്ക് എന്തെങ്കിലും മതിയായ പ്രത്യേക കാരണങ്ങൾ വിധിന്യായത്തിൽ രേഖപ്പെടുത്തിക്കൊണ്ട് രണ്ട് മാസത്തിൽ കുറഞ്ഞ തടവ് ശിക്ഷ നൽകാവുന്നതാണ്.

19. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കമ്പനിയാണ് ചെയ്തിട്ടുള്ളതെങ്കിൽ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യനിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്തമുണ്ടായിരുന്നതുമായ ഓരോ ആളും ആ കമ്പനിയും കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടി അല്ലെന്നും അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ അഥവാ അയാളുടെ ഭാഗത്തുള്ള മനഃപൂർവ്വമായ ഉപേക്ഷമൂലമാണെന്നു തെളിയിക്കപ്പെടുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരായുള്ള നടപടികൾക്ക് വിധേയനായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്,—

(എ) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗയോഗം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ഒരു സഹകരണ സംഘമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ആകുന്നു;

(ബി) "കമ്പനി ഉദ്യോഗസ്ഥൻ" എന്നാൽ, കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ, സെക്രട്ടറിയോ, ട്രഷററോ, മാനേജരോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമിന്റേയോ, സഹകരണ സംഘത്തിന്റെയോ വ്യക്തികളുടെ മറ്റ് സമാജത്തിന്റെയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു;

(സി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ, ആ ഫേമിലെ ഒരു പാർട്ണർ എന്നർത്ഥമാകുന്നു.

20. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരം നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന് കുടിശ്ശിക തുകയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാത്ത, യുക്തമെന്ന് ബോർഡ് കരുതുന്ന തുക നഷ്ടപരിഹാരമായി അയാളിൽ നിന്നും വസൂലാക്കാവുന്നതാണ്.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

22. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—(1) സർക്കാരിന് ബോർഡുമായി ആലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതുനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

23. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന് ഏത് സമയത്തും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും, നൽകുകയും ചെയ്യേണ്ടതാണ്.

24. ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം.—(1) 26-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ടോ അല്ലെങ്കിൽ 23-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടോ പരിഗണിച്ചശേഷമോ അഥവാ മറ്റ് വിധത്തിൽ, ബോർഡ്, ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ അതിൻമേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മൂലം വിജ്ഞാപനത്തിൽ പ്രത്യേകം പറയുന്ന പ്രകാരമുള്ള ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് ബോർഡിന് അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ,—

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ, ഡയറക്ടർമാരെന്നനിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും;

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ വിജ്ഞാപനത്തിൽ, വിനിർദ്ദേശിക്കാവുന്നപ്രകാരമുള്ള ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ടതും;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സൂപ്പർസീഡ് ചെയ്യലിന്റെ കാലയളവ് അവസാനിക്കുമ്പോൾ, സർക്കാർ, 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണ്.

25. <u>ബോർഡിന്റെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും, വേതനവും.</u>—(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി സർക്കാർ ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) ബോർഡ്, പ്രസ്തുത ആഡിറ്റർമാർക്ക്, സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്.

(3) അപ്രകാരമുള്ള ആഡിറ്റർമാർ ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ, പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

26. <u>വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.</u>—(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലായ് അവസാനത്തിന് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

27. <u>സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.</u>—ഈ ആക്റ്റ് അഥവാ പദ്ധതി പ്രകാരമോ അതിൻകീഴിലോ, സർക്കാരോ, ബോർഡോ, ലേബർ കമ്മീഷണറോ അല്ലെങ്കിൽ ലേബർ കമ്മീഷണർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ്

ഏതെങ്കിലും ഉദ്യോഗസ്ഥനോ, ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ തീരുമാനിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരം യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

28. <u>നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.</u>—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക, ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വയ്ക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത, പ്രസ്തുത തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

29. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും, ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്തതുമായ, ഏതു കാര്യവും സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, ഗസറ്റ് വിജ്ഞാപനംമൂലം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

30. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതു

മാകുന്നു: എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (2006-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾ, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആൾ എന്നിവരുടെ രജിസ്ട്രേഷൻ.

2. 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകളും നിധിയിലേക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും 4-ാം വകുപ്പ് പ്രകാരം നൽകേണ്ട അംശദായവും അത് ഈടാക്കേണ്ട രീതിയും.

3. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും കമ്മിറ്റിയുടെ രൂപീകരണം.

4. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ, വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കോ അനുസൃതമായി നിധിയുടെ വക പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്കുകൾ ആഡിറ്റ് ചെയ്യൽ, സർക്കാരിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കൽ എന്നിവ.

5. നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും അതിൽ നിന്നും തട്ടിക്കിഴിക്കലോ, കണ്ടുകെട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും തട്ടിക്കിഴിക്കുകയോ, കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും.

6. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്റെയും തന്റെ കുടുംബത്തെയും പറ്റിയുള്ള വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

7. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതും.

8. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും തൊഴിലുടമകൾ നൽകേണ്ട റിട്ടേണുകളും.

.. നിധിയിലെ ഒരംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ രൂപവും അല്ലെങ്കിൽ മാതൃകയും അവ നൽകലും സൂക്ഷിക്കലും പകരം നൽകലും.

10. ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്താവുന്ന ഫീസ്.

11. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അത്.

12. 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെയോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി ഏതെങ്കിലും കാര്യങ്ങൾക്ക് നിധി വിനിയോഗിക്കാമെന്ന്.

13. 28-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് വരവ് വയ്ക്കേണ്ട രീതി.

14. നിധി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

15. നിധിയിൽനിന്നും പെൻഷൻ, കുടുംബ പെൻഷൻ, ഗ്രാന്റുകൾ, വായ്പകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

16. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതി.

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 2615/Leg. C2/05/Law. *Dated, Thiruvananthapuram, 31st October, 2006 / 9th Karthika, 1928.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006 (24 of 2006).

By order of the Governor,

M. JEHANGEER,
Special Secretary (Law).

[Translation in English of the "2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ്" published under the Authority of the Governor.]

ACT 24 OF 2006

THE KERALA SHOPS AND COMMERCIAL ESTABLISHMENTS WORKERS' WELFARE FUND ACT, 2006

An Act to provide for the constitution of a Fund to grant relief to, to promote the welfare of and to pay pension to workers coming under the purview of the Kerala Shops and Commercial Establishments Act, 1960 and self employed persons.

Preamble.—Whereas, it is expedient to provide for the constitution of a Fund to grant relief to, to promote the welfare of and to pay pension to workers coming under the purview of the Kerala Shops and Commercial Establishments Act, 1960 and self employed persons and for certain other matters incidental thereto;

Be it enacted in the Fift-seventh Year of the Republic of India as follows:—

1. *Short title and commencement.* —(1) This Act may be called the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "Board" means the Kerala Shops and Commercial Establishments Workers' Welfare Fund Board constituted under section 6;

(b) "Chief Executive Officer" means the Chief Executive Officer appointed under sub-section (1) of section 9;

(c) "Contribution" means the sum of money payable to the Fund under section 4;

(d) "employer" means a person who employs, directly or indirectly, whether on behalf of himself or for any other person, one or more workers to do any work in institutions including hospital, nursing home, ayurvedic pharmacy, dispensary, medical shop, paramedical institution, parcel service, petrol-diesel-autogas bunks, fish processing establishment, food processing establishment, textile manufacturing establishment, hotel, restaurant, meat shop, computer-computer allied service establishment, printing press, telephone booth, courier service, cooking gas distribution agency, hostel, hill produce-procurement and marketing establishment, small scale copra processing unit, small scale oil mill, leather procurement establishment, small scale foot wear-bag manufacturing establishment, cinema theatre, photo/video studio, bakery, automobile-engineering establishment, establishment providing sound, light and decoration or in trade/commercial establishments coming under the purview of the Kerala Shops and Commercial Establishments Act, 1960, (34 of 1960);

(e) "family" means,—

(i) husband/wife, their minor children, unmarried daughters; and

(ii) father, mother and widowed daughters who are dependent on the worker or self employed person, coming under the purview of the Kerala Shops and Commercial Establishments Act;

(f) "Fund" means the Kerala Shops and Commercial Establishments Workers' Welfare Fund established under section 3;

(g) "Worker" means an employee coming under the purview of the Kerala Shops and Commercial Establishments Act, 1960, (34 of 1960) and includes a person employed in Establishments including hospitals, nursing home, ayurvedic pharmacy, dispensary, medical shop, paramedical institution, parcel service, petrol-diesel-autogas bunks, fish processing establishment, food processing establishment, textile manufacturing establishment, hotel, restaurant, meat shop, computer-computer allied service establishment, printing press, telephone booth, courier service, cooking gas distribution agency, hostel, hill produce-procurement and marketing establishment, small scale copra processing unit, small scale oil mill, leather procurement establishment, small scale foot wear-bag manufacturing establishment, cinema theatre, photo/video studio, bakery, automobile-engineering establishment, establishment providing sound, light and decoration or in trade/ commercial establishments and who receives wages from the employer directly or otherwise or through contractor or agent or by agreement or otherwise or a self employed person and any other person, declared by the Government from time to time, by notification in the Gazette, for the purposes of this Act to be an employee coming under the purview of the Kerala Shops and Commercial Establishments Act:

Provided that the employees coming under the purview of the Factories Act,1948 (Central Act 63 of 1948) or the Plantation Labour Act, 1951 (Central Act 69 of 1951) or those working in the Establishments where any other Welfare Fund of the Government of Kerala, are applicable and in Establishments exempted by the Government, from the provisions of the Kerala Shops and Commercial Establishments Act, 1960 and those who are getting benefit under the purview of any other law, for the time being in force, shall not be included in this Welfare Fund;

(h) "member" means a member of the Fund;

(i) "person" includes a company, a firm, an association of individuals or a co-operative society registered or deemed to have been registered under the Kerala Co-operative Societies Act, 1969 (21 of 1969);

(j) "schedule" means the schedule to this Act;

(k) "scheme" means a scheme framed under section 3;

(l) "self employed person" means a person who actually engages himself mainly in a work coming under the purview of the Kerala Shops and Commercial Establishments Act, 1960 for the livelihood, without employing any workers, and which does not include a person who is a member of Vyapari Vyavasayi Welfare Fund or Ration Dealers Welfare Fund;

(m) "wages" means the total amount received by an employee including dearness allowance and other allowances in a calendar month;

(n) "year" means a financial year commencing on the 1st day of April.

3. *Kerala Shops and Commercial Establishment Workers' Welfare Fund.*— (1) The Government may, by notification in the Gazette, frame a scheme to be called "the Kerala Shops and Commercial Establishments Workers' Welfare Fund Scheme" for the establishment of a Fund for the welfare of the workers coming under this Act and there shall be established, as soon as may be, after the framing of the scheme, a Fund in accordance with the provisions of this Act and the Scheme.

(2) These shall be credited to the Fund, namely:—

(a) the contributions as per section 4;

(b) amounts borrowed by the Board under section 10;

(c) damages realised under section 20;

(d) grants, loans or advances made by the Government of India or the State Government or any institution;

(e) any donations from whatever source;

(f) any amount raised by the Board from any other sources to augment the resources of the Board;

(g) fee levied under the scheme;

(h) any other amount which under the provisions of the scheme, shall be credited to the Fund.

(3) The Fund shall vest in, and be administered by the Board constituted under section 6.

(4) The Fund may be utilised for all or any of the following purposes namely:—

(a) for payment of pension to a member who is unable to work, for period of more than two years due to permanent physical infirmity, or has completed the age of sixty years and had remitted contribution to the Fund for at least ten years continuously or for payment of family pension, on the death of a member who had remitted contribution for at least fifteen years continuously;

(b) for payment of maternity wages in such manner as may be provided in the scheme, to the female employees who have paid contribution to the Fund at least for a period of one year continuously and not coming within the purview of Employees State Insurance Scheme, for a period of twelve weeks, in the case of delivery and for a period of six weeks, in the case of premature delivery, abortion or medical termination of pregnancy as the case may be:

Provided that no one shall be eligible for maternity wages beyond a maximum of two times;

(c) for payment of financial assistance to meet the expenses in connection with the marriage of daughters or in connection with the death of dependants of members who had contributed to the Fund continuously, at least for a period of three years;

(d) for providing educational benefits and for payment of a sum equal to an amount of his wages towards medical benefit for a period not exceeding ninety days in a year, to members who have contributed to the fund continuously for one year and their family members subject to certain conditions as may be fixed by the Government in consultation with the Welfare Fund Board;

(e) for the payment of assistance on the death of a member due to illnes or accident who has paid contribution to the Fund continuously for a period of three years or more, at such rates as may be provided in the Scheme;

Explanation:—Those who have contributed to the Fund continuously for a period of six months or more in a year shall be deemed to have continued as members till the completion of that year and according to this pension and financial assistance on death shall be computed. Service less than six months shall be ignored.

(5) Subject to the provisions of this Act, the scheme framed under sub-section (1) may provide for all or any of the matters specified in sub-section (4) and the schedule.

4. *Contribution to the Fund.*—(1) Every member shall contribute to the Fund rupees twenty per month.

(2) Every employer shall contribute to the Fund rupees twenty per month, in respect of each worker employed by him.

(3) A self employed person shall pay rupees twenty every month in addition to the contribution to the Fund as per sub-section (1).

(4) The Government shall contribute to the Fund by way of grant, an amount of rupees five per month paid by each member under sub-section (1) or twenty five per cent of the employee's contribution, whichever is higher.

(5) The amount of contribution to be remitted as such shall be deposited in a Co-operative Bank recognised by the Board or Nationalized Banks or any institutions decided by the Government; for collecting such amount.

(6) The Government may, by notification in the Gazette, revise the rate of contribution specified in sub-section (1) and (2) and the rate of grant specified in sub-section (4), once in every three years taking into account the expenses required for the implementation of the scheme.

(7) Every notification under sub-section (6) shall be laid as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification

in the notification or decides that the notification should not be issued, the notification shall, thereafter, have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that notification

5. *Modification of the scheme.*—(1) The Government may, by notification in the Gazette, modify or vary the scheme framed under this Act either prospectively or retrospectively .

(2) Every notification under sub-section (1) shall be laid, as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative assembly makes any modification in the notification or decides that the notification should not be issued, the notification shall, thereafter, have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that notification.

6. *Constitution of Board.*—(1) The Government may, by notification in the Gazette, constitute with effect from such date as may be specified therein, a Board by name "the Kerala Shops and Commercial Establishments Workers' Welfare Fund Board" for the administration of the Fund and to supervise and management the activities financed from the Fund.

(2) The Board shall be a body corporate by name aforesaid, having perpetual succession and a common seal and shall, by the said name, sue and be sued.

(3) The Board shall consist of fifteen Directors nominated by Government as hereinafter provided:—

(i) five members representing worker and self employed pesons;

(ii) five members representing the employees;

(iii) Five members represending the Government.

(4) One of the Directors of the Board shall be appointed by the Government, to be its Chairman.

(5) The Government shall publish in the Gazette, the names of the Chairman and the Directors of the Board.

(6) The Board shall administrate the Fund vested in it, in such manner as may be provided in the scheme.

(7) The Board may, with the previous approval of the Government, delegate to the Chairman or to any Director or to the Chief Executive Officer of the Board or any other officer of the Board, such of its powers and functions under this Act or the scheme, as it may consider necessary for the efficient administration of the Fund, subject to any restrictions and conditions, if any, as it may direct.

(8) An amount up to seven percentage of the contribution collected by the Board every year or the amount as may be fixed by the Government, from time to time, may be expended towards payment of salary of the Staff of the Board and other approved expenses.

7. *Term of office of the Directors.*—(1) A Director appointed under sub-section (3) of section 6 shall hold office for a period of three years.

(2) Notwithstanding anything contained in section 8, the Government may, at any time, for reasons to be recorded in writing, remove from his office, any Director of the Board and such removal shall be made after giving him a reasonable opportunity of showing cause against proposed removal:

Provided that it shall not be necessary to record in writing, the reasons for removal or to give an opportunity of showing cause against the proposed removal, if the Government are of the opinion that it is not expedient in the public interest, to record the reasons in writing or to give such opportunity.

(3) Any Director may resign his office by giving notice in writing to the Government but, he shall continue in office till the resignation is accepted by the Government.

8. *Removal of non-official Directors.*—(1) The Government may, by notification in the Gazette, remove any non-official Director of the Board from his office for the following reasons:—

(a) if he absents himself, without the permission of the Board from three consecutive meetings of Board:

Provided, however, that such absence may be condoned for sufficient reasons by the Board before the publication of the notification in the Gazette;

(b) if, in the opinion of the Government, he is ineligible or has become incapable of acting as a Director or has so abused his position as a Director as to render his continuance as Director, as such detrimental to public interest:

Provided that, before removing a Director under this sub-section, he shall be given a reasonable opportunity to show cause why he should not be removed.

(2) A non-official Director of the Board removed under clause (a) of sub-section (1) shall be disqualified for re-appointment as a Director of the Board for a period of three years from the date of his removal, unless otherwise ordered by the Government.

(3) A non-official Director of the Board removed under clause (b) of sub-section (1) shall not be eligible for reappointment until he is declared by an order of the Government to be no longer ineligible.

9. *Appointment of Officers and Staff.*—(1) The Government may appoint a Chief Executive Officer and such number of other Officers and Staff as they consider necessary, to assist the Board in the discharge of its functions and duties under this Act.

(2) Subject to the provisions of sub-section (3), the method of appointment, salary and allowances, discipline and other conditions of service of the Chief Executive Officer and other Officers and Staff appointed under sub-section (1) shall be such, as may be prescribed by Government.

(3) In the case of direct recruitment to the posts in the Board, provisions in the Rules 14 to 17 in Part I of the Kerala State and Subordinate Service Rules, 1958 as amended from time to time shall be complied with. Appointment may be made provisionally on deputation basis, when the board is constituted and starts functioning.

10. *Power of the Board to borrow.*—The Board may, from time to time, with the previous approval of the Government and subject to such terms and conditions as may be specified by the Government, borrow money for the purposes of the scheme.

11. *Determination of the amount due.*—(1) The Chief Executive Officer or any other officer authorised by the Board in this behalf, may after making such inquiry as may be necessary and after giving every person liable to pay contribution under

section 4, an opportunity of being heard, by order determine the amount of contribution due under the provisions of this Act or the scheme.

(2) The Officer conducting an enquiry under sub-section (1), shall, for the purposes of such enquiry, have the same powers as are vested in a civil court, while trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908) in respect of the following matters, namely:—

(a) enforce the attendance of any person and examine him on oath;
(b) requiring the discovery and production of documents;
(c) receiving evidence on affidavits;
(d) issuing commissions for the examination of witnesses.

(3) Any enquiry under this section shall be deemed to be a judicial proceeding within the meaning of sections 193 and 228 of Indian Penal Code (Central Act 45 of 1860) and coming under the purview of section 196 of the said Code.

(4) Any person aggrieved by an order under sub-section (1) may, within thirty days from the date of receipt of the order, prefer an appeal before the Labour Commissioner or an Officer, not below the rank of the District Labour Officer of the Labour Department authorised by him in this behalf, and such officer may, after making such enquiry, pass such orders thereon as he thinks fit.

(5) The Government may, either *suo motu* or on application of the aggrieved person, call for the records of any proceedings of the Labour Commissioner or the officer authorised by him under sub-section (4) and make such enquiry and pass such orders as they deem fit:

Provided that, an application for revision under this sub-section shall be made within thirty days from the date of receipt of the order, by the applicant:

Provided further that, no order shall be passed under the sub-section, without giving the person who may be affected thereby, an opportunity of being heard.

12. *Provisional assessment and collection of contribution.*—(1) Every employer liable to pay contribution under section 4 shall, pending determination of amount due from him under section 11, pay on or before the fifth day of each succeeding month, an amount equal to one-twelfth of the amount payable annually by him as determined for the last time under the said section, in the manner as specified in the scheme.

(2) Where the contribution is not paid by the employer, worker or self employed person on or before the due date, any officer of the Board authorised by the Board in this behalf shall issue a notice, showing the amount in arrears and if the amount is not paid within fifteen days of the receipt of such notice, that amount may be recovered with twelve per cent interest per annum in the same manner as arrears of public revenue due on land.

(3) The amount paid by an employer under sub-section (1) may be adjusted against the amount determined under section 11, for that year.

13. *Manner of filing appeal petition.*—Any amount is due from a worker, employer or self employed person, under the provisions of the Act or Scheme and the amount being defaulted, and it is felt that an appeal is to be preferred on such debt, an appeal may be preferred before the District Labour Officer (General), within fifteen days from the date of receipt of notice by paying at least half of that amount and the District Labour Officer shall, after conducting enquiry through notice to the concerned parties and after conducting hearing, by taking evidence, finally dispose of it within three months.

14. *Priority of payment of Contribution over other debts.*—Where any employer, liable to pay contribution to the fund under section 4 is adjudicated as insolvent or in case such employer is a company, an order of winding up is made, the liability in respect of the amount due from such employer under this Act or the scheme shall, where the liability therefore has accrued before the order of adjudication or winding up is made be deemed to be included among the debts under section 64 of the Insolvency Act, 1955 (2 of 1956) or under section 530 of the Companies Act, 1956 (Central Act 1 of 1956) which are to be paid in priority to all other debts, in the distribution of the property of the insolvent or the asset of the company being wound up as the case may be.

15. *Employer not to reduce wages etc.*— No employer shall by reason only of his liability for the payment of any contribtuion to the Fund, reduce whether directly or indirectly the wages of any worker to whom the scheme applies or the total quantum of benefits to which the worker is entitled under the terms of his employment, express or implied.

16. *Directors of Board etc. to be public servants.*—Each Director of the Board and the Chief Executive Officer and each other officer and employee of the Board appointed under sub-section (1) of section 9 shall be deemed to be a public servant within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).

17. *Penalty.*—(1) A person, who for the purpose of avoiding any payment to be made by him under this Act or under the scheme, or of enabling any other person to avoid such payment, knowingly makes or causes to be made any false statement or false representation, shall be punishable with imprisonment for a term, which may extend to three months, or with fine, which may extend to five hundred rupees or with both.

(2) Any person who contravenes or makes default in complying with any of the provisions of this act or of the scheme, shall, if no other penalty is elsewhere provided by or under this act, for such contravention or non compliance, be punishable with imprisonment for a term which may extent to two months or with fine which may extent to four hundred rupees, or with both.

(3) No court inferior to that of a Judicial Magistrate of the First Class shall try any offence punishable under this act.

(4) No Court shall take cognizance of any offence punishable under this Act except on a report in writing of the facts constituting such offence made with the previous sanction of the Chief Executive Officer.

18. *Enhanced punishment for second or subsequent offence.*—Whoever, having been convicted by a Court, of an offence Punishable under this Act, again commits the same offence, shall be punishable, for every such subsequent offence, with imprisonment for a term which may extent to one year, but, which shall not be less than two months or with fine which may extent to three thousand rupees or with both:

Provided that the Court may, for any adequate and special reason to be recorded in the Judgment, impose sentence of imprisonment for a term of less than two months.

19. *Offences by companies.*—(1) Where an offence under this Act has been committed by a company, every person, who at the time of offence was committed was in charge of, and was responsible to the company for the conduct of the business of the company, as well as the company, shall be deemed to be guilty of the offence and shall be liable to be proceeded against and punished accordingly:

Provided that nothing contained in this sub-section shall render any such person liable to any punishment, if he proves that the offence was committed without his knowledge, or that he had exercised all due diligence to prevent the commission of such offence.

(2) Notwithstanding anything contained in sub-section (1), where any offence under this Act has been committed by a company and it is proved that the offence has been committed with the consent or commission of, or is attractable to, any neglect on the part of every officer of the company, such officer of the company shall be deemed to be guilty of that offence and shall be liable to the proceeded against and punished accordingly.

Explanation.—For the purpose of this section,—

(a) "Company" means any body corporate and includes a firm, a Co-operative Society or other Association of individuals;

(b) "Officer of the Company" means the Managing Director, Director, Secretary, Treasurer or Manager of the Company and includes, the office bearers of a firm, Co-operative Society or other Association of individuals;

(c) "Director" in relation to a firm means a partner of that firm.

20. *Power to recover damages.*—Where any person makes default in the payment of any contribution to the Fund under this Act or the scheme, the Board may recover from him damages not exceeding twenty-five per cent of the amount of arrears, as it may think fit.

21. *Protection of Acts done in good faith.*—No suit or other legal proceeding shall lie against any Director of the Board or any other person in respect of anything which is in good faith done or intended to be done under this Act or under the scheme.

22. *Directions by Government.*—(1) The Government may, after consultation with the Board, give to the Board, general directions to be followed by the Board.

(2) In the exercise of the power and performance of its duties under this Act, the Board shall not depart from any general directions issued under sub-section (1) except with the previous permission of the Government.

23. *Power to order inquiry.*—(1) The Government may, at any time, appoint, an officer not below the rank of a Joint Secretary to the Government to enquire into the working of the Board and to submit a report to the Government.

(2) The Board shall give the person so appointed, all facilities for the proper conduct of the enquiry and furnish to him such documents, accounts and information in the possession of the Board, as he may require.

24. *Power to supersede Board.*—(1) If, on consideration of the report under section 26 or the enquiry report under section 23 or otherwise, the Government are of opinion that the Board has persistenly made default in the performance of the duties imposed on it by or under the provisions of this Act or the scheme or has exceeded or abused its powers, the Government may, by notification in the Gazette, supersede the Board for such period not exceeding six months as may be specified in the notification:

Provided that, before issuing a notification under this sub-section, the Government shall give a reasonable opportunity to the Board to show cause why it

should not be superseded and shall consider the explanation and objections, if any, of the Board.

(2) Upon the publication of a notification under sub-section (1),—

(a) all the Directors of the Board shall, as from the date of such publication, be deemed to have vacated their offices as such Directors; and

(b) all the powers and duties which may be exercised or performed by the Board shall, during the period of supersession, be exercised or performed by such officer or officers, as may be specified in the notification; and

(c) all funds and other properties vested in the Board shall, during the period of supersession, vest in the Government.

(3) On the expiration of the period of supersession specified in the notification issued under sub-section (1), the Government shall reconstitute the Board in the manner provided under section 6.

25. *Audit of accounts of the Board and appointment and remuneration of Auditors.*— (l) The Government shall appoint auditors to audit the accounts of the Board.

(2) The Board shall pay to the said auditors, such remuneration as the Government may direct.

(3) The accounts of the Board shall be examined and audited once in every year by such auditors.

26. *Annual report and audited statement of accounts.*—(1) The annual report of the Board shall be prepared by the Chief Executive Officer, under the direction of the Board, and after approval by the Board, a copy of the report together with the audited statement of accounts shall be submitted to the Government before the end of July every year.

(2) The Government shall, as soon as the annual report is received, together with the audited statement of accounts, to be laid on the table of the Legislative Assembly.

27. *Bar of jurisdiction of Civil Court.*— No Civil Court shall have jurisdiction to settle, decide or deal with any question or to determine any matter which is by or under this Act or the scheme required to be settled, decided or dealt with or to be determined by the Government or the Board or the Labour Commissioner or any

other officer authorized by the Labour Commissioner or the Chief Executive officer or any officer authorized by the Board.

28. *Special provisions for transfer of accumulations from existing Welfare Funds.*—The sums standing to the credit of a member in any existing welfare fund on the date of commencement of this Act shall stand transferred to and credited to the fund established under this Act and the liability of such member to pay contribution to such welfare fund shall cease from such date.

29. *Removal of difficulties.*—(1) Where any difficulty arises in giving effect to the provisions of this Act, the Government may, by notification in the Gazette, as occasion may require, do anything, which are considered necessary for them and not inconsistent with the provisions of this Act or the rules made thereunder, for the purpose of removing the difficulty:

Provided that no such order shall be passed after the expiry of two years from the date of commencement of this Act.

(2) Every order passed under sub-section (1) shall be placed before the Legislative Assembly.

30. *Power to make rules.*—(1) The Government, may by notification in the Gazette, make rules, either prospectively or retrospectively for the purpose of carrying into effect the provisions of this Act.

(2) Every rule made under this Act shall be laid as soon as may be, after it is made, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall, thereafter have effect only in such modified form or be of no effect, as the case may be; so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

31. *Repeal and savings.*—(1) The Kerala Shops and Commercial Establishment Workers' Welfare Fund Ordinance, 2006 (30 of 2006) is hereby repealed.

(2) Notwithstanding such repeal anything done or any action taken under the said Ordinance shall be deemed to have been done or taken under this Act.

SCHEDULE

MATTERS FOR WHICH PROVISION MAY BE MADE IN THE SCHEME

1. Registration of workers coming under the purview of the Kerala Shops and Commercial Establishments Act, 1960 and self employed persons.

2. The time and manner in which contribution shall be made to the Fund by workers coming under the purview of the Kerala Shops and Commercial Establishments Act, 1960, and self employed persons and the amount of contribution to be paid under section 4 and the manner in which it may be recovered.

3. The constitution of any committee for assisting the Board.

4. The manner in which accounts shall be kept, the investment of moneys belonging to the Fund in accordance with any direction issued or conditions specified by the Government, the preparation of Budget, the audit of accounts and the submission of reports to the Government etc.

5. The conditions under which withdrawals from the Fund may be permitted, any deduction or forfeiture may be made and the maximum amount of such deduction or forfeiture.

6. The form in which a member shall furnish particulars about himself and his family, whenever required.

7. The nomination of a person to receive any family pension of a member on his death and cancellation or variation of such nomination.

8. The registers and records to be maintained with respect to members and the returns to be furnished by the employers.

9. The form or design of any identity card for the purpose of identifying any member of the Fund and for issue, custody and replacement thereof.

10. The fees to be levied for any of the purposes specified in the Act.

11. The further powers, if any, which may be exercised by the officers appointed under this Act.

12. The fund may be utilized for any matter of welfare of the workers coming under the purview of the Kerala Shops and Commercial Establishments Act, 1960 or self employed persons or their dependents.

13. The manner in which the sums transferred under section 28 is to be credited to the Fund.

14. The procedure for defraying the expenditure incurred in the administration of the Fund.

15. The procedure for paying pension, family pension, grants or loans from the Fund.

16. Any other matter which is to be provided for in the scheme or which may be necessary or proper for the purpose of implementing the scheme.

8417

കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

Office Of the District Executive Officer
Kerala Temple Employees Welfare Fund Scheme
... Towers,
Vanchiyoor, Thiruvananthapuram-35

വിജ്ഞാപനം*

ജി. ഒ. (എം എസ്.) നമ്പർ 29/2007/തൊഴിൽ. തിരുവനന്തപുരം, 2007 മാർച്ച് 15.

എസ്. ആർ. ഒ. നമ്പർ 235/2007.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി, കേരള സർക്കാർ ഇതിനാൽ താഴെ പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി

അദ്ധ്യായം 1

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ പദ്ധതിക്ക് '2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി' എന്ന പേർ പറയാവുന്നതാണ്.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ പദ്ധതി ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ പദ്ധതിയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്ട്" എന്നാൽ 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24-ാം ആക്റ്റ്) എന്നർത്ഥമാക്കുന്നു.

---

*2007 മാർച്ച് മാസം 15-ാം തീയതി 496-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചത്

(ബി) "ചെയർമാൻ" എന്നാൽ ആക്ടിലെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു;

(സി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ ആക്ടിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഡി) "ഡയറക്ടർ" എന്നാൽ ബോർഡിലേക്ക് ആക്ടിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരു ഡയറക്ടർ എന്നർത്ഥമാകുന്നു;

(ഇ) "ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ പദ്ധതിയിലെ 16 (1) ഖണ്ഡിക അനുസരിച്ച് നിയമിക്കപ്പെട്ടിട്ടുള്ള ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(എഫ്) "ഫാറം" എന്നതിന് ഈ പദ്ധതിയിലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു;

(ജി) "ഇൻസ്പെക്ടർ" എന്നാൽ ആക്ടിലെ 9-ാം വകുപ്പ് പ്രകാരവും പദ്ധതിയിലെ 16-ാം ഖണ്ഡികപ്രകാരവും നിയമിക്കപ്പെട്ടിട്ടുള്ള ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

(എച്ച്) "നിർണ്ണയിക്കുക" എന്നാൽ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കുക എന്നർത്ഥമാകുന്നു;

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്ടിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം തന്നെയാകുന്നു.

അദ്ധ്യായം 2

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

3. ബോർഡിന്റെ രൂപീകരണം.—(1) ബോർഡിൽ, താഴെ വ്യവസ്ഥ ചെയ്യുന്നപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) തൊഴിലാളികളേയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരേയും പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ.

(ii) തൊഴിലുടമകളെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ.

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ. ഇതിൽ തൊഴിൽ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽനിന്നും നിയമ വകുപ്പിൽനിന്നും ജോയിന്റ് സെക്രട്ടറി യുടെ പദവിയിൽകുറയാത്ത ഓരോ ആളും ഒരാൾ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കേണ്ടതാണ്.

(2) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ ചെയർമാനായി സർക്കാർ നിയമി ക്കുന്നതാണ്.

4. യോഗങ്ങൾ.—(1) ബോർഡിന്റെ യോഗം സാധാരണഗതിയിൽ രണ്ടുമാസത്തി ലൊരിക്കൽ കൂടേണ്ടതാണ്.

(2) മൂന്നിലൊന്ന് ഡയറക്ടർമാരുടെ രേഖാമൂലമുള്ള അഭ്യർത്ഥന കിട്ടിയാൽ അത് കിട്ടി 15 ദിവസത്തിനകം ചെയർമാന് യോഗം വിളിച്ചുകൂട്ടാവുന്നതാണ്:

എന്നാൽ ചെയർമാന് അടിയന്തിരമെന്ന് തോന്നുന്ന കാര്യം പരിഗണിക്കുന്നതിന് ഉചിതമായ സമയം നൽകി നോട്ടീസ് നടത്തി പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

5. യോഗത്തിന്റെ അറിയിപ്പും കാര്യവിവരപ്പട്ടികയും.—യോഗം നടക്കേണ്ടതിന്റെ 15 ദിവസത്തിനുമുമ്പ് യോഗത്തിന്റെ നോട്ടീസും കാര്യവിവരപ്പട്ടികയും ഓരോ ഡയറക്ടർക്കും സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്/ഫാക്സ്/ഇ-മെയിൽ മുഖേനയോ പ്രത്യേക ദൂതൻവഴിയോ അയയ്ക്കേണ്ടതും നോട്ടീസിൽ യോഗ തീയതി, സമയം, സ്ഥലം എന്നിവ വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ്.

6. യോഗങ്ങളുടെ അദ്ധ്യക്ഷം വഹിക്കേണ്ടത്.—ബോർഡിന്റെ എല്ലാ യോഗങ്ങളിലും ചെയർമാൻ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്:

എന്നാൽ ചെയർമാൻ ഹാജരില്ലാത്ത സന്ദർഭങ്ങളിൽ ഡയറക്ടർമാർ, അവരിൽനിന്നും യോഗത്തിൽ ഒരാളെ അദ്ധ്യക്ഷംവഹിക്കാൻ തിരഞ്ഞെടുത്ത് യോഗം നടത്തേണ്ടതാണ്.

7. കോറം.—ബോർഡ് യോഗത്തിൽ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് അംഗങ്ങൾ എങ്കിലും ഹാജരില്ലെങ്കിലോ ആക്ടിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ (i), (ii), (iii) വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന അംഗങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒഴികെയുള്ള ഓരോ അംഗമെങ്കിലും ഹാജരില്ലെങ്കിലോ യോഗം നടത്താൻ പാടുള്ളതല്ല.

8. യോഗ നടപടിക്കുറിപ്പുകൾ.—(1) യോഗ നടപടിക്കുറിപ്പുകൾ നടപടിക്കുറിപ്പ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും, യോഗം നടന്ന് 15 ദിവസത്തിനകം എല്ലാ ഡയറക്ടർമാർക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

(2) യോഗ നടപടിക്കുറിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ അവ അടുത്ത യോഗത്തിൽ അങ്ങനെ തിരുത്തി സ്ഥിരീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതാണ്.

9. ഫീസും അലവൻസുകളും.—(1) ബോർഡ് യോഗങ്ങളിൽ സംബന്ധിക്കുന്ന ഓരോ അനൗദ്യോഗിക അംഗത്തിനും മുന്നൂറു രൂപാ വീതം സിറ്റിംഗ് ഫീസ് നൽകേണ്ടതാണ്.

എന്നാൽ ഇത് സബ് കമ്മിറ്റി മീറ്റിംഗുകൾക്ക് ബാധകമാകുന്നതല്ല.

(2) സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർക്ക്, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനുവേണ്ടി നടത്തുന്ന യാത്രകൾക്ക്, അവർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അർഹമായ യാത്രാപ്പടി നൽകേണ്ടതാണ്.

(3) ആക്ടിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ (i)-ഠ, (ii)-ഠ വിഭാഗങ്ങളിൽപ്പെടുന്ന ഡയറക്ടർമാർക്ക്, ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്-1 ആഫീസർമാർക്ക് അർഹതപ്പെട്ട നിരക്കിൽ യാത്രാപ്പടി നൽകേണ്ടതാണ്.

10. <u>സബ് കമ്മിറ്റികളുടെ രൂപീകരണം</u>.—ബോർഡിന്, ആവശ്യമെന്ന് കാണുന്ന പക്ഷം, വാർഷിക ബഡ്ജറ്റ്, വാർഷിക ഭരണ റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്, പദ്ധതി പരിഷ്കരണം എന്നിവ പരിഗണിക്കുന്നതിലേക്കായി ആവശ്യാനുസരണം സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

11. <u>ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച്</u>.—(1) ബോർഡിന് സർക്കാരിന്റെ അനുമതിയോടുകൂടി പദ്ധതിയുടെ നടത്തിപ്പിന് യോജിച്ച രീതിയിൽ ഹെഡ് ഓഫീസും ജില്ലാ ഓഫീസുകളും താലൂക്ക് ഓഫീസുകളും തുറന്ന് പ്രവർത്തിപ്പിക്കാവുന്നതാണ്.

(2) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

12. <u>ബോർഡിന്റെ അധികാരങ്ങളും ചുമതലകളും പ്രവർത്തനങ്ങളും</u>

താഴെ പറയുന്ന കാര്യങ്ങൾക്ക് ബോർഡ് ഉത്തരവാദിയായിരിക്കും, അതായത്:—

(i) പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന നിധിയുടെ നടത്തിപ്പിന് ആവശ്യമായ എല്ലാ കാര്യങ്ങളും നിർവ്വഹിക്കൽ ;

(ii) നിധിയിൽ അംഗമാകേണ്ട തൊഴിലാളികളുടേയും സ്വയം തൊഴിൽ ചെയ്യുന്നവരുടേയും രജിസ്ട്രേഷൻ ;

(iii) ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥയനുസരിച്ച് നിധിയുടെ വിനിയോഗം ;

(iv) കാലാകാലങ്ങളിൽ സർക്കാരിന്റെ നിർദ്ദേശാനുസരണം നിധിയുടെ വിനിയോഗത്തെപ്പറ്റിയുള്ള നയരൂപീകരണവും നിർവ്വഹണവും ;

(v) വാർഷിക ബഡ്ജറ്റ് സർക്കാരിന് സമർപ്പിക്കൽ ;

(vi) പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കൽ ;

(vii) നിധിയുടെ കണക്കുകൾ വാർഷിക ആഡിറ്റ് നടത്തൽ ;

(viii) സർക്കാർ നൽകുന്ന പൊതു നിർദ്ദേശങ്ങൾ നടപ്പാക്കൽ ;

(ix) നിധിയിലേക്കുള്ള അംശദായവും സർക്കാരിൽനിന്നുള്ള ഗ്രാന്റും യഥാസമയം പിരിച്ചെടുക്കൽ ;

(x) ആക്ടിലെ നിർവ്വചനത്തിലുൾപ്പെട്ട കുറ്റങ്ങൾക്കെതിരെയുള്ള നിയമ നടപടികൾ യഥാസമയം നടത്തൽ ;

(xi) കണക്കുകൾ കൃത്യമായി സൂക്ഷിക്കൽ ;

(xii) ബോർഡ് ഉദ്യോഗസ്ഥരിൽ അച്ചടക്കവും ഉത്തരവാദിത്വബോധവും വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കൽ ;

13. ബോർഡിന്റെ സെക്രട്ടറി.—ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

അദ്ധ്യായം 3

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും നിയമനവും അധികാരങ്ങളും

14. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.—സംസ്ഥാന തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ സംസ്ഥാന സർവ്വീസിൽ തത്തുല്യ പദവി വഹിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ നിർണ്ണയിക്കുന്ന പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാരിന് നിയമിക്കാവുന്നതാണ്. ബോർഡിന്റെ പൊതു നിയന്ത്രണത്തിനും മേലന്വേഷണത്തിനും വിധേയനായി അദ്ദേഹം ബോർഡിന്റെ ഭരണ കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

15. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ധനപരമായ അധികാരം.—ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിധിയുടെ ഭരണ നിർവ്വഹണത്തിനാവശ്യമായ ധനവിനിയോഗത്തിന്റെ അധികാരപരിധി ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കും.

16. മറ്റ് ഉദ്യോഗസ്ഥർ.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിനായി മുഖ്യ കാര്യാലയത്തിൽ ഒരു ഫൈനാൻസ് ഓഫീസറെയും ഒരു ഹെഡ് ക്വാർട്ടേഴ്സ് എക്സിക്യൂട്ടീവ് ഓഫീസറെയും ഓരോ റവന്യൂ ജില്ലയിലും ഓരോ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറെയും ഓരോ താലൂക്കിലും ഓരോ ഇൻസ്പെക്ടറെയും ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേക്കാവശ്യമായ മറ്റ് ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും സർക്കാരിന് നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ഹെഡ് ക്വാർട്ടേഴ്സ് എക്സിക്യൂട്ടീവ് ഓഫീസറും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറും, ഡെപ്യൂട്ടി ലേബർ ഓഫീസറുടെ പദവിയിൽ കുറയാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനോ സംസ്ഥാന സർവ്വീസിലെ തത്തുല്യ പദവി വഹിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ആയിരിക്കേണ്ടതും, ഇൻസ്പെക്ടർ തൊഴിൽ വകുപ്പിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസറോ സംസ്ഥാന സർവ്വീസിൽ തത്തുല്യ പദവി വഹിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ആയിരിക്കേണ്ടതുമാണ്.

അദ്ധ്യായം 4

അംഗത്വവും അംശദായവും

17. അംഗത്വം.—മൂന്നുമാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയതും ആക്റ്റിലെ 2-ാം വകുപ്പ് (ജി) ഖണ്ഡത്തിൽ പറയുന്നതുമായ ഏതൊരു തൊഴിലാളിക്കും, സ്വയം തൊഴിൽ ചെയ്യുന്ന കട/വ്യാപാര സ്ഥാപന ഉടമയ്ക്കും അയാൾക്ക് 18 വയസ് പൂർത്തിയായിരിക്കുകയും എന്നാൽ 50 വയസ് പൂർത്തിയാകാതിരിക്കുകയും ചെയ്താൽ, നിധിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

18. നിധിയിലേക്കുള്ള അംശദായം.—(1) നിധിയിൽ ചേർന്നിട്ടുള്ള ഓരോ അംഗവും പ്രതിമാസം 20 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള തൊഴിലാളി ഒന്നിന് പ്രതിമാസം ഇരുപത് രൂപ വീതം, സ്ഥാപനത്തിലെ മൊത്തം തൊഴിലാളികൾക്കുംവേണ്ടി നിധിയിൽ അടയ്ക്കേണ്ടതാണ്.

(3) സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ (1)-ാം ഉപഖണ്ഡികപ്രകാരം ഒടുക്കേണ്ട 20 രൂപയ്ക്ക് പുറമേ 20 രൂപകൂടി അംശദായമായി നിധിയിലേക്ക് നൽകേണ്ടതാണ്.

(4) സർക്കാർ, ഓരോ അംഗവും പ്രതിമാസം ഫണ്ടിലേക്ക് അടയ്ക്കേണ്ട തുകയ്ക്ക് അനുസൃതമായി, ഗ്രാന്റായി പ്രതിമാസം അഞ്ച് രൂപ വീതമോ അല്ലെങ്കിൽ തൊഴിലാളി വിഹിതത്തിന്റേയും സ്വയം തൊഴിൽ ചെയ്യുന്നവരുടെ (1)-ാം ഉപഖണ്ഡികപ്രകാരമുള്ള വിഹിതത്തിന്റേയും 25 ശതമാനമോ ഏതാണോ കൂടുതൽ അത് നിധിയിലേക്ക് ഓരോ വർഷവും നൽകേണ്ടതാണ്.

(5) തൊഴിലാളി വിഹിതവും തൊഴിൽ ഉടമാവിഹിതവും ചേർന്നുള്ള ഒരു മാസത്തെ അംശദായം തൊഴിലുടമ അടുത്ത മാസം 5-ാം തീയതിക്കുമുമ്പായി ബോർഡിന്റെ ഓഫീസിൽ നേരിട്ട് പണമായോ, ബാങ്ക് ഡ്രാഫ്റ്റായോ, ബോർഡ് നിർദ്ദേശിക്കുന്ന ഏതെങ്കിലും ബാങ്ക് ശാഖയിലൂടെയോ, ബോർഡിന്റെ അക്കൗണ്ടിൽ നിധിയിൽ അടയ്ക്കേണ്ടതാണ്.

(6) സ്വയം തൊഴിൽ ചെയ്യുന്നവർ മാസംതോറുമുള്ള അവരുടെ അംശദായം മേൽ ഉപഖണ്ഡിക (5)-ൽ പറഞ്ഞ പ്രകാരം സ്വന്തമായി അടയ്ക്കേണ്ടതാണ്.

(7) എന്നാൽ, മേൽ (5), (6) ഉപഖണ്ഡികകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു തൊഴിലുടമയ്ക്കോ, സ്വയം തൊഴിൽ ചെയ്യുന്ന അംഗത്തിനോ ആറുമാസത്തെയോ ഒരു വർഷത്തെയോ അംശദായം ഒരുമിച്ച് മുൻകൂറായി നിധിയിൽ അടവ് വരുത്താവുന്നതാണ്.

(8) ഉപഖണ്ഡിക (5) പ്രകാരം തൊഴിലാളി വിഹിതമായി ഉടമ അടച്ച തുക തൊഴിലാളിയുടെ ശമ്പളത്തിൽനിന്നും തട്ടിക്കിഴിക്കാവുന്നതാണ്.

19. അംശദായത്തിന്റെ അന്തിമ തിട്ടപ്പെടുത്തൽ.—(1) ഏപ്രിൽ ഒന്നുമുതൽ അടുത്ത വർഷം മാർച്ച് മുപ്പത്തി ഒന്നുവരെയുള്ള കാലയളവിലേക്ക് ഓരോ സ്ഥാപനവും നിധിയിലേക്ക് അടയ്ക്കേണ്ട തുക ഇൻസ്പെക്ടർ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ജൂലൈ-ആഗസ്റ്റ് മാസങ്ങൾക്കുള്ളിൽ തിട്ടപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ആവശ്യമായ അന്വേഷണവും തെളിവെടുപ്പും നടത്തി ബന്ധപ്പെട്ടവർക്ക് പറയാനുള്ളത് പറയാൻ അവസരം നൽകിയും ആയിരിക്കണം തുക തിട്ടപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടത്.

(2) മേൽ ഉപഖണ്ഡിക (1) പ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും ഉത്തരവ് കിട്ടി മുപ്പത് ദിവസത്തിനകം ആക്ടിലെ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ലേബർ കമ്മീഷണർക്കോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ ജില്ലാ ലേബർ ഓഫീസർക്കോ (ജനറൽ) അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. അപ്പീൽ കിട്ടി പത്ത് ദിവസത്തിനകം അങ്ങനെയുള്ള ജില്ലാ അപ്പീൽ അധികാരി അപ്പീലിന്മേൽ നടപടി ആരംഭിക്കേണ്ടതാണ്. സ്വയമായോ, അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖേനയോ അന്വേഷണം നടത്തിയും, ബന്ധപ്പെട്ടവർക്ക് പറയാനുള്ളത് പറയാൻ അവസരം നൽകിയും കഴിവതും മുപ്പത് ദിവസത്തിനകം, യുക്തമെന്നു തോന്നുന്ന ഉത്തരവ് അപ്പീൽ അധികാരി പാസ്സാക്കേണ്ടതാണ്.

(3) മേൽ ഖണ്ഡിക (2)-ലെ ഉത്തരവിനെതിരായി പരാതി ഉണ്ടെങ്കിൽ സർക്കാരിന് സ്വമേധയായോ, പരാതിക്കാരന്റെ അപേക്ഷയിന്മേലോ, അന്വേഷണം നടത്തിയോ, നടപടികളുടെ രേഖകൾ പരിശോധിച്ചോ യുക്തമെന്നു തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതാണ് :

എന്നാൽ മേൽ ഖണ്ഡിക പ്രകാരമുള്ള പരാതിക്കാരന്റെ അപേക്ഷ, അപേക്ഷകൻ ഉത്തരവ് കിട്ടി മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ്.

20. താൽക്കാലിക അംശദായം തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും.—(1) ഒരു വർഷത്തിൽ നിധിയിൽ അടയ്ക്കേണ്ട അംശദായം അടുത്ത വർഷം നടക്കുന്ന അന്തിമ തിട്ടപ്പെടുത്തലിൽ മാത്രമേ തീരുമാനമാകൂ എന്നതിനാൽ നടപ്പുവർഷം ഓരോ മാസവും താൽക്കാലികമായി, ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം ഏറ്റവും ഒടുവിൽ ഉണ്ടായ അന്തിമ തിട്ടപ്പെടുത്തലിൽ ഉത്തരവായ വാർഷിക അംശദായത്തിന്റെ പന്ത്രണ്ടിൽ ഒരു ഭാഗം ആക്ടിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചപ്രകാരം, തൊഴിലുടമ ഓരോ മാസവും താൽക്കാലിക അംശദായമായി നിധിയിൽ അടയ്ക്കേണ്ടതാണ്.

(2) ഉപഖണ്ഡിക (1) പ്രകാരം ഒരു വർഷം അടച്ച തുക, ഖണ്ഡിക 19 (1) പ്രകാരം അന്തിമ തിട്ടപ്പെടുത്തലിൽ തീരുമാനിച്ച തുകയിൽനിന്നും തട്ടിക്കിഴിക്കേണ്ടതാണ്.

21. അംശദായം ആദ്യവർഷങ്ങളിൽ അടയ്ക്കുന്നത്.—പദ്ധതി നിലവിൽവന്ന ആദ്യ വർഷവും തുടർന്നുള്ള വർഷങ്ങളിലും മേൽ ഖണ്ഡികകളിൽ പറഞ്ഞ അന്തിമ തിട്ടപ്പെടുത്തലോ, താൽക്കാലിക തിട്ടപ്പെടുത്തലോ നടക്കാത്ത സാഹചര്യത്തിൽ എല്ലാ മാസവും തൊഴിലുടമ ആക്റ്റിലെ 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായം, ആക്റ്റിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ നിർദ്ദേശിക്കുന്നപ്രകാരം നിധിയിൽ അടയ്ക്കേണ്ടതാണ്.

22. അംശദായം പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ.—താൽക്കാലിക തിട്ടപ്പെടുത്തൽ പ്രകാരമോ, അന്തിമ തിട്ടപ്പെടുത്തൽ പ്രകാരമോ, മറ്റേതെങ്കിലും വിധത്തിലോ നിധിയിലേക്ക് അടയ്ക്കേണ്ട തുക അടുത്തമാസം 5-ാം തീയതിക്കുമുമ്പ്

അടച്ചില്ലെങ്കിൽ സ്ഥലത്ത് അധികാരമുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറോ, ഇൻസ്പെക്ടറോ കുടിശ്ശിക തുക കാണിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് തൊഴിലുടമയ്ക്ക് അയയ്ക്കേണ്ടതും പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിലേക്ക് ഒരു നോട്ടീസ് നൽകേണ്ടതുമാണ്, എന്നിട്ടും വീഴ്ചവരുത്തിയാൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം പലിശയടക്കം ആ തുക ഭൂമിയിൻമേലുള്ള കരക്കുടിശ്ശിക എന്നപോലെ അതേവിധത്തിൽ വസൂലാക്കേണ്ടതാണ്.

23. നിയമ നടപടി.—നിധിയിലേക്ക് അടയ്ക്കേണ്ട തുക വസൂലാക്കാനുള്ള റവന്യൂ റിക്കവറി നടപടികൾക്കുപുറമേ നിയമലംഘനത്തിന് ആക്റ്റിലെ 17-ാം വകുപ്പ് (2)-ാം ഉപവകുപ്പ് അനുശാസിക്കുന്ന നിയമനടപടികൾ പ്രസ്തുത വകുപ്പിലെ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി എടുക്കാവുന്നതുമാണ്.

24. അപ്പീൽ ഹർജി നൽകേണ്ട രീതി.—ആക്റ്റിലെയോ, അതിൻ കീഴിലുണ്ടായ ഈ പദ്ധതിയിലേയോ വ്യവസ്ഥപ്രകാരം തൊഴിലാളിയിൽനിന്നോ തൊഴിലുടമയിൽ നിന്നോ സ്വയം തൊഴിൽ ചെയ്യുന്ന ആളിൽനിന്നോ കിട്ടേണ്ട ഏതെങ്കിലും തുക കുടിശ്ശിക വരുത്തുകയും, തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച ഉത്തരവിൻമേലോ അല്ലെങ്കിൽ തുക തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൻമേലോ ആക്ഷേപം ഉള്ള ആരെങ്കിലും നിയമത്തിലെ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമോ, 13-ാം വകുപ്പ് പ്രകാരമോ അപ്പീൽ ബോധിപ്പിക്കുകയാണെങ്കിൽ, അങ്ങനെയുള്ള അപ്പീൽ ഹർജിക്കാരൻ, കുടിശ്ശികയുടെ പകുതി തുകയെങ്കിലും ഖണ്ഡിക 18 (5)-ൽ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം ക്ഷേമനിധി ബോർഡിൽ കെട്ടിവച്ചിരിക്കേണ്ടതും ആയതിന്റെ രേഖ അപ്പീൽ ഹർജിയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതുമാണ്. ഇപ്രകാരം കെട്ടിവച്ച തുക, അപ്പീൽ ഹർജിയുടെ അന്തിമ വിധിക്കുവിധേയമായി നിധിയിലേക്ക് മുതൽകൂട്ടുകയോ, ഉത്തരവിൽ നിർദ്ദേശിക്കുന്നപ്രകാരം, പൂർണ്ണമായോ, ഭാഗികമായോ ഹർജിക്കാരന് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

25. അംഗത്വം നഷ്ടപ്പെടലും പുനഃസ്ഥാപിക്കലും.—(1) ഖണ്ഡിക 18, 21 പ്രകാരമുള്ള അംശദായം തുടർച്ചയായി ഒരുവർഷം അടയ്ക്കാതിരുന്നാൽ അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്. എന്നാൽ റദ്ദായിപ്പോയ അംഗത്വം അത് ഒരു വർഷക്കാലം വരെയുള്ള കുടിശ്ശിക സംബന്ധിച്ചാണെങ്കിൽ, കുടിശ്ശിക അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഓഫീസർക്കോ, ബോദ്ധ്യപ്പെടുകയും നാളിതുവരെയുള്ള കുടിശ്ശിക സർക്കാർ അംഗീകാരത്തോടെ ബോർഡ് തീരുമാനിക്കുന്ന പലിശയും പിഴ പലിശയും ചേർത്ത് പൂർണ്ണമായി അടച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്താൽ, പ്രത്യേക ഉത്തരവ് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കോ അംഗത്വം പുനഃസ്ഥാപിച്ചുകൊടുക്കാവുന്നതാണ്.

(2) ഇപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നത് ഒരു അംഗത്തിന്റെ മൊത്തം സേവനകാലയളവിൽ രണ്ട് തവണയിൽ കൂടുതൽ ആകാവുന്നതല്ല.

(3) ഒരു വർഷത്തിൽ കുടുതൽ കാലയളവിലുള്ള അംശദായം വീഴ്ച വരുത്തിയതിനാൽ റദ്ദായ അംഗത്വം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് അപേക്ഷയിന്മേൽ കുടിശ്ശികയും പലിശയും പിഴപലിശയും ഈടാക്കിക്കൊണ്ട് ബോർഡിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

അദ്ധ്യായം 5

രജിസ്ട്രേഷനും റിക്കാർഡുകളുടെ സൂക്ഷിപ്പും

26. രജിസ്ട്രേഷൻ.—(1) ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ തൊഴിലാളിയും സ്വയം തൊഴിൽ ചെയ്യുന്ന ആളും പദ്ധതിയിൽ അനുബന്ധമായി കൊടുത്തിട്ടുള്ള 1-ാം നമ്പർ ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്. രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും, ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന അപേക്ഷയോടൊപ്പം, അപേക്ഷകന്റെ ജനന തീയതി തെളിയിക്കുന്നതിലേക്ക്, ജനനമരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം, സ്ക്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർ ഐഡന്റിറ്റി കാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

(3) രജിസ്ട്രേഷനുള്ള അപേക്ഷയിൽ നിശ്ചിത കോളത്തിൽ തൊഴിലുടമ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തൊഴിലുടമ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ ആവശ്യമായ അന്വേഷണം നടത്തി 16-ാം ഖണ്ഡികപ്രകാരം നിയമിതനായ ഇൻസ്പെക്ടറോ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറോ സാക്ഷ്യപ്പെടുത്തിയാലും സ്വീകാര്യമാകുന്നതാണ്.

27. നാമനിർദ്ദേശം.—നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അയാളുടെ കാലശേഷം, ഈ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ നല്കപ്പെടേണ്ട വ്യക്തിയുടെ/വ്യക്തികളുടെ പേർ, മേൽവിലാസം, ജനന തീയതി, നാമനിർദ്ദേശകന് അംഗവുമായുള്ള ബന്ധം എന്നിവ നല്കേണ്ടതാണ് :

എന്നാൽ അപേക്ഷകന് ആക്റ്റ് 2 (ഇ) വകുപ്പുപ്രകാരം "കുടുംബം" എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ നാമനിർദ്ദേശം ചെയ്യാൻ പാടുള്ളൂ.

28. നോമിനേഷനിൽ മാറ്റംവരുത്തൽ.—പദ്ധതിയിലെ ഏതൊരു അംഗത്തിനും ഭാവിയിൽ കുടുംബത്തിൽ വരുന്ന മാറ്റമനുസരിച്ച് നോമിനേഷനിൽ ഭേദഗതി വരുത്താവുന്നതാണ്.

29. അംഗത്വ രജിസ്റ്റർ.—(1) പദ്ധതിയിൽ അംഗമാകാനുള്ള അപേക്ഷ കിട്ടിയ ഉടൻ അധികാരപ്പെട്ട ഇൻസ്പെക്ടറോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറോ ആവശ്യമായ അന്വേഷണം നടത്തേണ്ടതും അതിനുശേഷം 2-ാം നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിൽ പേരും ബന്ധപ്പെട്ട മറ്റു വസ്തുതകളും രേഖപ്പെടുത്തുകയും അംഗത്തിന് ഒരു അംഗത്വ നമ്പർ നല്കുകയും ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡപ്രകാരം രജിസ്റ്റർ ചെയ്ത ഓരോ തൊഴിലാളിക്കും സ്വയം തൊഴിൽ ചെയ്യുന്ന ആളിനും പദ്ധതിയിൽ അനുബന്ധമായി ചേർത്തിട്ടുള്ള 3-ാം നമ്പർ ഫാറത്തിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.

(3) ഏതൊരു അംഗത്തിനും, (2)-ാം ഉപഖണ്ഡപ്രകാരം, അയാൾക്ക് നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടാൽ, ബോർഡ് തീരുമാനിക്കുന്ന തുക ഒടുക്കി ഡ്യൂപ്ലിക്കേറ്റ് കാർഡിന് അപേക്ഷിക്കാവുന്നതാണ്.

30. റിട്ടേൺ സമർപ്പിക്കൽ.—(1) ഈ പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ 15 ദിവസത്തിനകം ഓരോ തൊഴിലുടമയും തങ്ങളുടെ കീഴിൽ തൊഴിൽ ചെയ്യുന്നവരുടെ ഒരു ലിസ്റ്റ് 4-ാം നമ്പർ ഫോറത്തിൽ, ആക്ടിലെ 9-ാം വകുപ്പുപ്രകാരം നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർക്കോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കോ അയച്ചു കൊടുക്കേണ്ടതാണ്.

(2) ഓരോ തൊഴിൽ ഉടമയും ആ മാസത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ച തൊഴിലാളികളുടേയും, ആ മാസം പിരിഞ്ഞുപോയ തൊഴിലാളികളുണ്ടെങ്കിൽ അവരുടേയും വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് അടുത്തമാസം 10-ാം തീയതിക്കുമുമ്പ് 5-ാം നമ്പർ ഫാറത്തിൽ ഇൻസ്പെക്ടർക്ക്/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

31. റിക്കാർഡുകളും രജിസ്റ്ററുകളും സൂക്ഷിക്കലും ഹാജരാക്കലും.—(1) ഓരോ തൊഴിലുടമയും തന്റെ സ്ഥാപനത്തിലെ തൊഴിലാളികളുടെ വിവരങ്ങളും അംശദായം അടച്ച വിവരങ്ങളും കാണിക്കുന്ന ഒരു രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലോടുകൂടി എഴുതി സൂക്ഷിക്കേണ്ടതും ബോർഡ് ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

എന്നാൽ തൊഴിലുടമ 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ് മെന്റ് ആക്ടിൽ (1960-ലെ 34) കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരവും 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങൾ പ്രകാരവും ഉള്ള തൊഴിലാളികളുടെ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ ഈ ആക്ട് പ്രകാരമുള്ള ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി ഹാജരാക്കുകയാണെങ്കിൽ ആ രജിസ്റ്ററുകൾ ഈ പദ്ധതിപ്രകാരം സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററുകളായി കണക്കാക്കുന്നതാണ്.

(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള തൊഴിലാളികളെ സംബന്ധിച്ച് പ്രതിമാസം അംശദായമായി നൽകിയ തുകയുടെ പൂർണ്ണവിവരം അതതു മാസം 10-ാം തീയതിക്കുമുമ്പ് 6-ാം നമ്പർ ഫാറത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കോ ഇൻസ്പെക്ടർക്കോ നൽകേണ്ടതാണ്.

(3) ബോർഡ് ഉദ്യോഗസ്ഥന്മാരുടെ സന്ദർശനവും അവർ നൽകുന്ന നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിലേക്കായി ഒരു ഇൻസ്പെക്ഷൻ ബുക്ക് ഓരോ തൊഴിലുടമയും തങ്ങളുടെ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

32. നിലവിലുള്ള ക്ഷേമനിധികളിൽനിന്നുള്ള തുക കൈമാറുന്നത് സംബന്ധിച്ച്— ഈ നിധിയിൽ അംഗമായി ചേർന്ന തൊഴിലാളി ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായിരുന്നിട്ടുണ്ടെങ്കിൽ, ആ നിധിയുടെ നടത്തിപ്പ് നിക്ഷിപ്തമായിരിക്കുന്ന/മേൽനോട്ടം വഹിക്കുന്ന ഏതൊരധികാരിയും ഈ പദ്ധതി നിലവിൽവന്ന് 3 മാസത്തിനകം, പ്രസ്തുത ക്ഷേമനിധിയിൽ അംഗത്തിന്റെ കണക്കിലുള്ള തുക, ഈ നിധിയിലേക്ക് മാറ്റം ചെയ്യേണ്ടതും, അങ്ങനെയുള്ള ഓരോ അംഗത്തിനും പ്രസ്തുത നിധിയിൽ അതുവരെയുള്ള മൊത്തം ശേഖരണവും, അഡ്വാൻസോ, വായ്പയോ ഉണ്ടെങ്കിൽ അതിന്റെ വിവരവും കാണിക്കുന്ന പട്ടികയും ഈ നിധിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

33. നിധിയിലേക്കുള്ള ഗവൺമെന്റിന്റെ അംശദായം നല്കൽ.—ആക്ടിന്റെ 4-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഓരോ വർഷവും ഗ്രാന്റായി നല്കേണ്ട തുക ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഗ്രാന്റായി നല്കേണ്ട തുകയുടെ പൂർണ്ണ വിവരം അടുത്തവർഷം നവംബർ 30-ാം തീയതിക്കുമുൻപായി ബോർഡ്, സർക്കാരിനെ അറിയിക്കേണ്ടതാണ്.

അദ്ധ്യായം 6

അംഗങ്ങൾക്കുള്ള ധനസഹായവും പെൻഷനും

34. പെൻഷൻ.—(1) കുറഞ്ഞത് പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, സ്ഥിരമായ ശാരീരിക അവശതമൂലം രണ്ടു വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, അറുപത് വയസ് തികഞ്ഞാലോ, അംഗത്തിന്റെ അപേക്ഷപ്രകാരം പെൻഷൻ നൽകേണ്ടതാണ്.

(2) സ്ഥിരമായ ശാരീരിക അവശതമൂലം പെൻഷന് അപേക്ഷിക്കുന്ന അംഗം തൊട്ടുമുൻപുള്ള രണ്ട് വർഷത്തിലധികമായി ശാരീരികാവശത അനുഭവിക്കുന്ന ആളാണെന്ന് തെളിയിക്കുന്നതിലേക്കായി മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(3) അറുപത് വയസ് പൂർത്തിയായി, പെൻഷന് അർഹനായ/അർഹയായ അംഗം, അറുപത് വയസ് പൂർത്തിയാകുന്നതിനു തൊട്ടുമുമ്പുള്ള മൂന്നുമാസത്തിനകം പെൻഷനുള്ള അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

35. കുടുംബ പെൻഷൻ.—(1) കുറഞ്ഞത് 15 വർഷം അംശദായം അടച്ച ഒരംഗമോ, ഈ പദ്ധതിപ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മരണപ്പെട്ട അംഗത്തിന്റെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ, അംഗത്തെ ആശ്രയിച്ചു കഴിഞ്ഞ അച്ഛൻ/അമ്മ എന്നിവർ മുൻഗണനാക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹരായിരിക്കുന്നതാണ്.

(3) കുടുംബ പെൻഷന് അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം അംഗത്തിന്റെ ജനന മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട അംഗവുമായുള്ള, റവന്യൂ അധികാരി നൽകുന്ന ബന്ധുത്വ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. പെൺമക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ 18 വയസ് പൂർത്തിയാകുമ്പോൾ പെൻഷന് അർഹരല്ലാതായിത്തീരുന്നതാണ്.

36. പെൻഷൻ തുക.—മേൽ ഖണ്ഡിക 34-ൽ പറഞ്ഞിരിക്കുന്ന പെൻഷൻ തുകയും, ഖണ്ഡിക 35-ൽ പറഞ്ഞിരിക്കുന്ന കുടുംബ പെൻഷൻ തുകയും, പെൻഷൻ വിതരണത്തിന്റെ നടപടിക്രമങ്ങളും ബോർഡിന് കാലാകാലങ്ങളിൽ തീരുമാനിക്കുകയും സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

37. പെൻഷനുവേണ്ടിയുള്ള അപേക്ഷ.—ഈ പദ്ധതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള 7-ാം നമ്പർ ഫാറത്തിൽ സ്ഥലത്തെ ഇൻസ്പെക്ടർ മുഖേന ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

38. പ്രസവാനുകൂല്യം.—(1) ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ വനിതാ അംഗത്തിന് അംഗം പ്രസവത്തിനായി അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ജോലിയിൽ പുനഃപ്രവേശിക്കുന്നതുവരെയുള്ള പരമാവധി 12 ആഴ്ചത്തെ വേതനം അപേക്ഷകന്റെ ജോലി വിഭാഗത്തിന്/തസ്തികയ്ക്ക് അർഹതപ്പെട്ട നിശ്ചിത മിനിമം വേതനനിരക്കിൽ നൽകേണ്ടതാണ്. ഗർഭം അലസൽ സംഭവിച്ച അംഗത്തിന് അംഗം അവധിയിൽ പ്രവേശിച്ച തീയതി മുതൽ ജോലിയിൽ പുനഃപ്രവേശിക്കുന്നതുവരെയുള്ള പരമാവധി 6 ആഴ്ചത്തെ വേതനം അപേക്ഷകന്റെ ജോലി വിഭാഗത്തിന്/തസ്തികയ്ക്ക് അർഹതപ്പെട്ട നിശ്ചിത മിനിമം വേതന നിരക്കിൽ നൽകേണ്ടതാണ്:

എന്നാൽ പ്രസവകാല വേതനം പരമാവധി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) ഈ ആനുകൂല്യത്തിന് ജനന-മരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്/പ്രസവം നടന്ന ആശുപത്രിയിൽനിന്നുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, ഗർഭം അലസൽ നടന്നത് സംബന്ധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

39. വിവാഹാനുകൂല്യം.—(1) അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി അയ്യായിരം രൂപ നിധിയിൽനിന്നും നൽകുന്നതാണ്:

എന്നാൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിനേ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂ.

(2) ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ, മേയർ, എം. എൽ. എ., എം. പി., ഗസറ്റഡ് ഓഫീസർ, അല്ലെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകൾ, എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.. വിവാഹം കഴിഞ്ഞ് അറുപത് ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷയും ഈ ആനുകൂല്യത്തിനു വേണ്ടി പരിഗണിക്കേണ്ടതാണ്. എന്നാൽ, ഈ ഉപഖണ്ഡികപ്രകാരമുള്ള ആനുകൂല്യം പരമാവധി രണ്ടുതവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളൂ.

40. അംഗത്തിന്റെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്.—ഒരംഗത്തിന്റെയോ, അംഗത്തിന്റെ കുടുംബാംഗങ്ങളുടെയോ മരണാനന്തര ചെലവുകൾക്കായി ആയിരം രൂപാ വീതം നിധിയിൽനിന്നും നൽകുന്നതാണ്.

41. ചികിത്സാ സഹായം.—മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് അംഗത്വകാലാവധിയിൽ പരമാവധി 10,000 രൂപ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ചികിത്സാ സഹായം നൽകുന്നതാണ്..

42. വിദ്യാഭ്യാസാനുകൂല്യം.— ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് ബോർഡ് വിദ്യാഭ്യാസാനുകൂല്യം നൽകേണ്ടതാണ്. വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി ബോർഡ് ആവിഷ്കരിച്ച്, സർക്കാർ അനുമതിയോടെ നടപ്പാക്കേണ്ടതാണ്.

43. മരണാനന്തര സഹായം.—(1) നിധിയിലെ ഒരംഗം അസുഖം മൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ, അത്, ആദ്യ മൂന്നു വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ ആയാൽ അയ്യായിരം രൂപയും, ശേഷമുള്ള ഓരോ വർഷത്തെ അംഗത്വകാലയളവിന് ആയിരം രൂപ വീതവും, രണ്ടും കൂടി പരമാവധി ഇരുപതിനായിരം രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം നൽകേണ്ടതാണ്.

(2) അപേക്ഷയോടൊപ്പം ജനന-മരണ രജിസ്ട്രാറുടെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

44. വർഷം കണക്കാക്കൽ.— പെൻഷൻ, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങളുടെ അർഹതയ്ക്കുവേണ്ടി വർഷം കണക്കാക്കുന്നതിനായി ഒരു വർഷത്തിൽ ആറുമാസമോ അതിലധികമോ തുടർച്ചയായി അംശദായമടച്ചവർ ആ വർഷം പൂർത്തിയാകുംവരെ അംഗമായി തുടർന്നതായി കണക്കാക്കേണ്ടതും, അതനുസരിച്ച് പെൻഷൻ, മരണാനന്തര ധനസഹായം എന്നിവ കണക്കാക്കേണ്ടതുമാണ്. ആറുമാസത്തിൽ താഴെയുള്ള സർവ്വീസ് കണക്കിലെടുക്കാവുന്നതല്ല.

45. ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷ.—(1) ഖണ്ഡിക 38, 39, 40, 41, 42, 43 എന്നിവയിൽ പറഞ്ഞിട്ടുള്ള ഏതൊരു ആനുകൂല്യത്തിനും പദ്ധതിയിലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള 8-ാം നമ്പർ ഫാറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കേണ്ടതാണ്. അപേക്ഷ സ്ഥലത്ത് അധികാരപരിധി ഉള്ള ഇൻസ്പെക്ടർ മുഖേന ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്ക് നൽകേണ്ടതാണ്.

(2) വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ അധികാരപരിധിയുള്ള ഇൻസ്പെക്ടർ, അവ കിട്ടിയ തീയതി രേഖപ്പെടുത്തി സ്വീകരിക്കേണ്ടതും രജിസ്റ്ററുകളിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. അതിനുശേഷം അപേക്ഷകളിൽ വേണ്ട അന്വേഷണം നടത്തി പതിനഞ്ചു ദിവസത്തിനകം അഭിപ്രായത്തോടുകൂടി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഇൻസ്പെക്ടറുടെ അഭാവത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷ സ്വീകരിച്ച് മേൽനടപടി എടുക്കേണ്ടതാണ്.

(3) ഓരോ അപേക്ഷയുടേയും നിജസ്ഥിതിയും നിയമപരമായ അർഹതയും പരിശോധിച്ച് ഉചിതമായ ഉത്തരവ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ പുറപ്പെടുവിക്കേണ്ടതും ആവശ്യമായ ഫണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നും ലഭ്യമാക്കി ആനുകൂല്യം വിതരണം ചെയ്യേണ്ടതുമാണ്. കൂടാതെ ഉത്തരവിന്റെ പകർപ്പ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(4) ഏതൊരു ആനുകൂല്യവും താമസംകൂടാതെയും, അപേക്ഷകന് ബുദ്ധിമുട്ട് ഉണ്ടാക്കാതെയും, ബോർഡിന് നഷ്ടം വരുത്താതെയും അർഹരായ വ്യക്തിയുടെ കയ്യിൽ എത്തിക്കുന്നതിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

46. അപ്പീൽ.— 45-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആനുകൂല്യത്തെ സംബന്ധിച്ച് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവിന്മേൽ അപേക്ഷകന് ആക്ഷേപം ഉള്ളപക്ഷം ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഉത്തരവിന്റെ പകർപ്പ് സഹിതം അപ്പീൽ നൽകേണ്ടതാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷകന് പറയാനുള്ളത് കേട്ട് തീരുമാനമെടുക്കേണ്ടതും യുക്തമെന്നു തോന്നുന്ന ഉത്തരവ്, അപ്പീൽ കൈപ്പറ്റി 60 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവിന്മേൽ ആക്ഷേപമുള്ളപക്ഷം പ്രസ്തുത ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ നല്കാവുന്നതാണ്. അപ്പീൽ അപേക്ഷ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുസഹിതം ബോർഡ് ചെയർമാന് സമർപ്പിക്കേണ്ടതും ബോർഡ് മൂന്ന് മാസത്തിനകം പ്രസ്തുത അപ്പീലിന്മേൽ തീരുമാനം എടുക്കേണ്ടതും ബോർഡിന്റെ അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ മേൽപ്പറഞ്ഞ കാലാവധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാൻ കഴിയാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോദ്ധ്യം വരുന്നപക്ഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ബോർഡിനോ അതാത് സംഗതിയിൽ കാലതാമസം മാപ്പാക്കാവുന്നതാണ്.

47. പെൻഷൻ വിതരണം.—(1) ഖണ്ഡിക 34 പ്രകാരം അനുവദിച്ചിട്ടുള്ള പെൻഷനും ഖണ്ഡിക 35 പ്രകാരം അനുവദിച്ചിട്ടുള്ള കുടുംബ പെൻഷനും ഇൻസ്പെക്ടറുടെ ഓഫീസിൽനിന്നോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ നിന്നോ നേരിട്ട് വാങ്ങാവുന്നതാണ്. നേരിട്ട് വാങ്ങാൻ ബുദ്ധിമുട്ടുള്ളവർ രേഖാമൂലം അപേക്ഷിച്ചാൽ അവരുടെ ചെലവിൽ മണിഓർഡർ ആയോ, ഡ്രാഫ്റ്റ് ആയോ, ചെക്കായോ തുക അയച്ചുകൊടുക്കുന്നതാണ്.

(2) മണിഓർഡർ, ഡ്രാഫ്റ്റ്, ചെക്ക് എന്നിവ മുഖേന പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും മാർച്ച് മാസത്തെ പെൻഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ മുമ്പാകെ നേരിട്ട് ഹാജരായി വാങ്ങേണ്ടതും, നേരിൽ ഹാജരാകുവാൻ കഴിയാത്തവർ അവർ ജീവിച്ചിരിക്കുന്നതായി ഒരു ഗസറ്റഡ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. തുടർന്ന് പെൻഷൻ അനുവദിക്കാൻ ഈ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.

(3) പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഏതൊരാളും മരണപ്പെട്ടാൽ, ഉടൻതന്നെ അയാളുടെ ആശ്രിതർ വിവരം ബോർഡിന്റെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

അദ്ധ്യായം 7

നിധിയുടെ ഭരണവും കണക്കും

48. കണക്കുകൾ.—(1) നിധിയിലേക്ക് അംശദായമായി തൊഴിലുടമകളിൽ നിന്നും തൊഴിലാളികളിൽ നിന്നും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ലഭിക്കുന്ന തുകയും സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കുന്ന തുകയും "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ഫണ്ട്" എന്ന പേരിൽ നിക്ഷേപിക്കേണ്ടതാണ്.

(2) പലിശ, വാടക, മറ്റുതരത്തിൽ വസൂലാക്കിയ ഏതെങ്കിലും തുക, മുടക്കിന്മേലുള്ള ലാഭനഷ്ടങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത്, എന്നിവ, അതിൽ നിന്നും ഭരണ ചെലവുകൾ ഒഴിവാക്കിയശേഷം "സസ്പെൻസ് അക്കൗണ്ട്" എന്ന പേരിൽ നിക്ഷേപിക്കേണ്ടതാണ്.

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ഓരോ വർഷവും ജൂലൈ 31-ാം തീയതിയിലോ സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിയിലോ, ആസ്തിയുടെ തരംതിരിച്ചുള്ള സംക്ഷിപ്ത വിവരണം വാർഷിക റിപ്പോർട്ടിനോടൊപ്പം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

49. തുക നിക്ഷേപിക്കൽ.—നിധിയിലേക്കുള്ള എല്ലാ തുകയും സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, ഷെഡ്യൂൾഡ് ബാങ്കിലോ, സംസ്ഥാനത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലോ, സഹകരണ ബാങ്കിലോ, നാഷണൽ സേവിംഗ്സിലോ നിക്ഷേപിക്കേണ്ടതാണ്.

50. നിധിയിൽ നിന്നുള്ള ചെലവ്.—(1) നിധിയുടെ ഭരണത്തിനാവശ്യമായ ചെലവുകൾ, ബോർഡ് ഡയറക്ടർമാരുടെ യാത്രാപ്പടി, ബത്ത, ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, അവധി ശമ്പളം, ജോയിനിംഗ് ടൈം ശമ്പളം, യാത്രാപ്പടി, കോമ്പൻസേറ്ററി അലവൻസ്, പെൻഷൻ കോൺട്രിബ്യൂഷൻ, പ്രോവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ, മറ്റ് അലവൻസുകളും ആനുകൂല്യങ്ങളും, ബോർഡിനു വേണ്ടിയുള്ള നിയമപരമായ കണക്കുകൾ ഓഡിറ്റു ചെയ്യുന്നതിനുള്ള ചെലവുകൾ മുതലായവ നിധിയുടെ ഭരണ കണക്കിൽനിന്നും വഹിക്കേണ്ടതാണ്.

(2) പിരിഞ്ഞു കിട്ടിയതോ പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഒരു വർഷത്തെ മൊത്തം അംശദായത്തിന്റെ ഏഴു ശതമാനത്തിൽ കവിയാത്ത തുക ഭരണ ചെലവിനായി മാറ്റിവയ്ക്കേണ്ടതാണ്.

(3) ആക്ടിലും പദ്ധതിയിലും പറഞ്ഞിട്ടില്ലാത്ത യാതൊരു കാര്യത്തിനും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ നിധിയിൽ നിന്ന് തുക ചെലവാക്കാൻ പാടില്ലാത്തതാണ്.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിധിയുടെ നടത്തിപ്പുകാരനായിരിക്കേണ്ടതും എന്നാൽ പിൻവലിക്കുകയും ചെലവാക്കുകയും ചെയ്യാവുന്ന തുകയുടെ പരിധി, കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കേണ്ടതുമാണ്. തുക പിൻവലിക്കുന്നതിനുള്ള ചെക്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കൂടാതെ ബോർഡിന്റെ ഫൈനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ കൂടി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

51. <u>നിധിയുടെ ആഡിറ്റ്</u>.—(1) നിധിയുടെ ഓരോ വർഷത്തേയും വരവു ചെലവു കണക്കുകൾ, ഭരണപരമായ കണക്കുകളും ചേർത്ത്, തൊട്ടടുത്തവർഷം ജൂൺ 30-ന് മുമ്പായി ബാധകമാക്കപ്പെട്ട നിയമവും ചട്ടങ്ങളും പ്രകാരമോ, സർക്കാർ നിർദ്ദേശ പ്രകാരമോ, ഇപ്രകാരം സർക്കാർ നിർദ്ദേശം ഇല്ലെങ്കിൽ ബോർഡ് നിശ്ചയിക്കുന്നവിധം ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയോഗിച്ചോ ആഡിറ്റ് ചെയ്യിക്കേണ്ടതാകുന്നു.

(2) ആഡിറ്റ് റിപ്പോർട്ട്, ബോർഡ് അംഗീകരിച്ച്, സർക്കാരിനു എല്ലാ വർഷവും ജൂലൈ 31-നു മുമ്പ് സമർപ്പിക്കേണ്ടതാണ്.

(3) ആഡിറ്റ് ചെലവുകൾ ബോർഡിന്റെ അഡ്മിനിസ്ട്രേഷൻ അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

52. <u>ബഡ്ജറ്റ്</u>.—(1) എല്ലാ വർഷവും ഫെബ്രുവരി 1-ാം തീയതിക്കുമുമ്പ് ബോർഡിന്റെ അടുത്ത സാമ്പത്തിക വർഷത്തിൽ ലഭിക്കാനിടയുള്ള അംശദായവും മറ്റു വരുമാനങ്ങളും, ക്ഷേമപദ്ധതികൾക്കും, ഭരണ നിർവ്വഹണത്തിനും മറ്റുമുള്ള എല്ലാവിധ ചെലവുകളും കാണിക്കുന്ന ഒരു ബഡ്ജറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി ബോർഡിന്റെ മുമ്പാകെ അംഗീകാരത്തിനു വയ്ക്കേണ്ടതാകുന്നു. ഇപ്രകാരം വച്ചശേഷം ബോർഡ് ഒരു മാസത്തിനകം ബഡ്ജറ്റ് അംഗീകരിച്ച്, സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതാകുന്നു.

(2) അനുവാദം നല്കുന്നതിനുമുമ്പ് സർക്കാരിനു ബഡ്ജറ്റിൽ യുക്തമെന്നു തോന്നുന്ന മാറ്റങ്ങൾ വരുത്താവുന്നതാണ്.

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പ്രകാരം മാത്രമേ തുക ചെലവഴിക്കുവാൻ പാടുള്ളൂ.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക്, ഏതെങ്കിലും സമയത്ത്, അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് തുക താഴെ പറയുന്ന വിധം പുനർവിനിയോഗം നടത്താവുന്നതാണ്.

(i) സർക്കാർ അനുവദിച്ചിട്ടുള്ള ബഡ്ജറ്റിന്റെ മൊത്തം തുകയിൽ കവിയാൻ പാടില്ല.

(ii) ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള ചെലവുകൾക്കു മാത്രമേ പുനർവിനിയോഗം ചെയ്യപ്പെടുന്ന തുക ഉപയോഗിക്കാവൂ.

(iii) ഇപ്രകാരം നടത്തുന്ന ഓരോ പുനർവിനിയോഗവും 15 ദിവസത്തിനകം ബോർഡിനു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

53. നിയമലംഘനത്തിനുള്ള ശിക്ഷ.—ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ ലംഘിക്കുകയോ, അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും, ഏതൊരു സ്ഥാപനവും ആക്ടിലെ വകുപ്പ് 17, 18, 19 പ്രകാരവും അവയ്ക്കനുസൃതമായും നിയമ നടപടികൾക്കും ശിക്ഷയ്ക്കും വിധേയരാകുന്നതാണ്.

അദ്ധ്യായം 8

പലവക

54. പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ട്.—ഒരു സാമ്പത്തിക വർഷത്തിലെ പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് അടുത്ത ജൂൺ മാസം 15-ാം തീയതിക്ക് മുമ്പായി ബോർഡ് അംഗീകരിക്കുകയും ജൂലൈ മാസം 31-ാം തീയതിക്ക് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചശേഷം നിയമസഭയ്ക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്.

55. റിക്കാർഡുകളുടെ പകർപ്പ് നൽകുന്നത് സംബന്ധിച്ച്.—റിക്കാർഡുകളുടെ പകർപ്പുകൾ നൽകുന്നതിലേക്കായി സർക്കാർ അംഗീകാരത്തോടുകൂടി ബോർഡ് നിശ്ചയിച്ചിട്ടുള്ള ഫീസോടുകൂടി രേഖാമൂലം തൊഴിലുടമയോ, അംഗമോ അപേക്ഷിക്കുകയാണെങ്കിൽ റിക്കാർഡുകളുടെയും വാർഷിക റിപ്പോർട്ടിന്റെയും പകർപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകേണ്ടതാണ്.

56. കരാർ നടത്തൽ.—ഈ പദ്ധതിയിൻകീഴിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ചെയ്യേണ്ട മറ്റ് കാര്യങ്ങളും ബോർഡിന്റെ പേരിൽ നടത്തേണ്ടതും ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അക്കാര്യങ്ങൾ ചെയ്യേണ്ടതുമാണ്.

അപേക്ഷകനുള്ള നിർദ്ദേശങ്ങൾ

(1) പ്രസവാനുകൂല്യത്തിന് അപേക്ഷിക്കുന്നവരും, അംഗത്തിന്റെ/ആശ്രിതരുടെ മരണാനന്തര ചെലവുകൾക്കും, മരണാനന്തര സഹായത്തിനും അപേക്ഷിക്കുന്നവരും ബന്ധപ്പെട്ട ജനന മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പ്രസവാനുകൂല്യത്തിന് അപേക്ഷിക്കുന്നവർ ആശുപത്രി ഡിസ്ചാർജ്ജ് രേഖ/സർട്ടിഫിക്കറ്റ് ഹാജരാക്കിയാലും മതിയാകും.

(2) ഗർഭം അലസൽ സംഭവിച്ച ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർ അംഗീകൃത ആശുപത്രിയിലെ ഡോക്ടറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(3) വിവാഹാനുകൂല്യത്തിന് അപേക്ഷിക്കുന്നവർ വിവാഹം നടക്കുന്നുവെന്നുള്ള തെളിവിനായി സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/പ്രസിഡന്റ്/ചെയർമാൻ/മേയർ/എം. എൽ. എ., എം. പി., ഏതെങ്കിലും ഗസറ്റഡ് ഓഫീസർ, വിവാഹം രജിസ്റ്റർ ചെയ്യുവാൻ അംഗീകാരമുള്ള സാമുദായിക സംഘടനയുടെ അധികാരി എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് അപേക്ഷിക്കുന്നവരുടെ കാര്യത്തിൽ വിവാഹ സർട്ടിഫിക്കറ്റ് തെളിവായി ഹാജരാക്കാവുന്നതാണ്.

(4) ചികിൽസാ സഹായത്തിന് അപേക്ഷിക്കുന്നവർ അസുഖത്തിന്റെ വിവരം കാണിക്കുന്ന സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു ഡോക്ടറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(5) വിദ്യാഭ്യാസ സഹായത്തിന് അപേക്ഷിക്കുന്നവർ അപേക്ഷകന്റെ മക്കൾ പഠിക്കുന്ന ക്ലാസ്/കോഴ്സ്, വർഷം എന്നിവ രേഖപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപനത്തിന്റെ മുഖ്യ അദ്ധ്യാപകന്റെ/പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രവും വരുമാനം കാണിക്കുന്ന റവന്യു. അധികാരിയുടെ സാക്ഷ്യപത്രവും (വരുമാന സർട്ടിഫിക്കറ്റ്) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
ഗവൺമെന്റ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കുന്നതിന് അധികാരപ്പെടുത്തുന്നു. മേൽപ്പറഞ്ഞ വകുപ്പിൻകീഴിൽ പദ്ധതി ഉണ്ടാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

R3

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 4 / Vol. IV	തിരുവനന്തപുരം, വെള്ളി / Thiruvananthapuram, Friday	2015 മാർച്ച് 6 / 6th March 2015 / 1190 കുംഭം 22 / 22nd Kumbham 1190 / 1936 ഫാൽഗുനം 15 / 15th Phalguna 1936	നമ്പർ / No. 486

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി)24/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ഫെബ്രുവരി 26 / 1190 കുംഭം 14.*

എസ്. ആർ. ഒ. നമ്പർ 114/2015.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2007 മാർച്ച് 15-ാം തീയതിയിലെ ജി. ഒ. (എം. എസ്.) 29/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2007 മാർച്ച് 15-ാം തീയതിയിലെ 496-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 235/2007 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിനായി താഴെ പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/868/2015/S-21.

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2015-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിക്കുള്ള ഭേദഗതി.—2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 26-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിൽ, "വോട്ടർ ഐഡന്റിറ്റി കാർഡ്" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 26-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡിക പ്രകാരം രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം അപേക്ഷകന്റെ ജനനതീയതി തെളിയിക്കുന്നതിലേക്ക്, ജനന മരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർ ഐഡന്റിറ്റി കാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിൽ വോട്ടർ ഐഡന്റിറ്റി കാർഡിൽ അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് പൂർത്തിയായ വയസ്സാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുമൂലം അപേക്ഷകന്റെ റിട്ടയർമെന്റ് പ്രായം കണക്കാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ആവശ്യത്തിലേക്കായി വോട്ടർ ഐഡന്റിറ്റി കാർഡ് ഒഴിവാക്കുവാനും അതിലേക്കായി പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഷോപ്പ്സ് ആൻ്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻ്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് - വിദ്യാഭ്യാസാനുകൂല്യ പദ്ധതി-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ. (സാധാ.)നം.68/2016/തൊഴിൽ   തീയതി, തിരുവനന്തപുരം 22/01/2016

പരാമർശം: 1. 29.09.09-ലെ സ.ഉ (സാധാ) 1517/09/തൊഴിൽ

2. കേരള ഷോപ്പ്സ് ആൻ്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻ്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/04/14-ലെ ഇ/557/14 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം ഉത്തരവ് പ്രകാരം കേരള ഷോപ്പ്സ് ആൻ്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻ്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ വന്നിട്ടുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതി ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന കേരള ഷോപ്പ്സ് ആൻ്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻ്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശ കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച അധിക സാമ്പത്തിക ബാദ്ധ്യത ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഖണ്ഡിക	നിലവിലുള്ള വ്യവസ്ഥ	ഭേദഗതി
4(3)	കോഴ്സ് പൂർത്തിയാക്കി പരീക്ഷയുടെ ഫലം പ്രഖ്യാപനശേഷം മാർക്കിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിപ്രകാരം നിശ്ചയിച്ചിട്ടുള്ള തുക സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്.	പദ്ധതിയിൽ പറഞ്ഞിട്ടുള്ള ഓരോ കോഴ്സിനും പ്രവേശനം നേടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ കോഴ്സിൽ പ്രവേശിച്ച വർഷം മുതൽ കോഴ്സ് അവസാനിക്കുന്ന വർഷം വരെ ഓരോ അദ്ധ്യയന വർഷവും ഈ പദ്ധതിപ്രകാരം നിശ്ചയിച്ചിട്ടുള്ള തുക സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്.

ഖണ്ഡിക നമ്പർ	സ്കോളർഷിപ്പ് തുക	തുക (നിലവിലുള്ളത്)	ഭേദഗതി		
			തുക	കോഴ്സ് ദൈർഘ്യം	ആകെ തുക
5(1)	<u>അണ്ടർ ഗ്രാജ്വേറ്റ് : നോൺ പ്രൊഫഷണൽ കോഴ്സുകൾ</u> (എ) ഹയർ സെക്കന്ററി (ബി) വൊക്കേഷണൽ ഹയർ സെക്കന്ററി ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വ ത്തിന്റെ അടിസ്ഥാനത്തിൽ 500 അംഗത്വത്തിന് 1 എന്ന കണക്കിൽ.	500/-	750	2	1500
5(2)	<u>ഡിഗ്രി: നോൺ പ്രൊഫഷണൽ കോഴ്സുകൾ</u> (എ) ബി.എ. (ബി) ബി.എസ്.സി. (സി) ബി.കോം. ഓരോ ജില്ലയിലെയും തൊഴിലാളി കളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 750 അംഗത്വത്തിന് 1 എന്ന കണക്കിൽ.	700/-	1000	3	3000
5(3)	<u>പോസ്റ്റ് ഗ്രാജ്വേറ്റ് : നോൺ പ്രൊഫഷണൽ കോഴ്സുകൾ</u> (എ) എം.എ. (ബി) എം.എസ്.സി. (സി)എം.കോം. ഓരോ ജില്ലയിലെയും തൊഴിലാളി കളുടെ അംഗത്വത്തിന്റെ അടിസ്ഥാ നത്തിൽ 2000 അംഗത്വത്തിന് 1 എന്ന കണക്കിൽ.	1000/-	1500	2	3000
5(4)	<u>അണ്ടർ ഗ്രാജ്വേറ്റ് : പ്രൊഫഷണൽ കോഴ്സുകൾ</u> (എ) ടി.ടി.സി. (ബി) ഐ.ടി.ഐ. (സി) ഐ.ടി.സി. ഓരോ ജില്ലയിലെയും തൊഴിലാളി കളുടെ അംഗത്വത്തിന്റെ അടിസ്ഥാ നത്തിൽ 600 അംഗത്വത്തിന് 1 എന്ന കണക്കിൽ.	500/-	750	2	1500
5(5)	<u>പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ</u> (എ) പോളി ടെക്നിക്ക് (ബി) ജനറൽ നഴ്സിങ്ങ്. ഓരോ ജില്ലയിലെയും തൊഴിലാളി കളുടെ അംഗത്വത്തിന്റെ അടിസ്ഥാ നത്തിൽ 750 അംഗത്വത്തിന് 1 എന്ന കണക്കിൽ	600/-	750	3	2250

5(6)	പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ (എ) ബി.എഡ്. (ബി) ബി.പി.ഇ. (സി) ബി.ഫാം. (ഡി) ബി.എൽ.ഐ.എസ്.സി. (ഇ) ബി.എസ്.സി.നഴ്സിങ്ങ് (എഫ്) ബി.എഫ്.എസ്.സി. (ജി) ബി.ബി.എസ്. (എച്ച്) ബി.സി.എ. (ഐ) ബി.ബി.എ. (ജെ) ബി.ബി.എം. (കെ) ബി.പി.റ്റി.	1000/-	1000	2/3/4	2000/3000/ 4000/
	(എൽ) എം.ബി.ബി.എസ്/ ✓ ബി.ഡി.എസ്. (എം) ബി.എച്ച്.എം.എസ്. (എൻ) ബി.എ.എം.എസ്. (ഒ) ബി.എസ്.സി. എൻജി./ ബി.ടെക്./ബി.ഇ. (പി) ബി.എസ്.സി. അഗ്രി. (ക്യൂ) ബി.വി.എസ്.സി. ✓ (ആർ) എൽ.എൽ.ബി. ഓരോ ജില്ലയിലെയും തൊഴിലാളി കളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 1500 അംഗത്വത്തിന് 1 എന്ന കണക്കിൽ.	2000/-	2000	3/4/5	6000/8000/ 10000
5 (7)	പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ (എ) എം.എസ്.ഡബ്ല്യു (ബി) എം.ബി.എ. (സി) എം.ജെ./എം.എസ്.ജെ./ എം.ജെ.സി. (ഡി) എം.ബി.എഡ്. (ഇ) എം.ഫിൽ (എഫ്) എം.എഡ്. (ജി) എം.പി.എച്ച്. (എച്ച്) എം.എച്ച്.എ. ✓ (ഐ) എം.പി.ഇ. (ജെ) എം.എം.എസ്.സി. (കെ) എം.ഇ.എം. (എൽ) എം.ഫാം./എം.പി.റ്റി./ എം.എസ്.സി.നഴ്സിങ്ങ് (എം) എം.റ്റി.ആർക്ക്. (എൻ) എം.പി.സയൻസ്	2000/-	2500	2	5000
	(ഒ) മെഡിക്കൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ (പി) ഇഞ്ചിനീയറിങ്ങ് പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ → (M.Tech) (ക്യൂ) അഗ്രികൾച്ചറൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ (ആർ) വെറ്ററിനറി പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ (എസ്) നിയമ പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ				

	(റ്റി) ഹോമിയോപ്പതി പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ (യു) ആയുർവ്വേദിക് പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ ഓരോ ജില്ലയിലെയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 3000 അംഗത്വത്തിന് 1 എന്ന കണക്കിൽ	2500/-	3000	2	6000

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പ്രസന്നകുമാരി.എം.സി

ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം. (ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ഉണ്ട്)

ധനകാര്യ വകുപ്പ് (15.09.15-ലെ 49512/എച്ച്&എൽ.എ 2/14/ധന പ്രകാരം)

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

2017-ലെ 6-ാം ആക്റ്റ്

2017-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2007 മാർച്ച് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24) 3-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ, (എഫ്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ജി) രണ്ട് വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായം അടച്ച ഒരംഗം, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച് പോകുന്ന അവസരത്തിൽ, നിധിയിൽനിന്നും ഒരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലാത്തപക്ഷം, തൊഴിലാളി വിഹിതമായി അടച്ച തുക മാത്രം നൽകുന്നതിന്;

(എച്ച്) മരണാനന്തര സഹായധനം ലഭിക്കുവാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ആ അംഗം നിധിയിലേക്ക് അംശദായമായി അടച്ച തുക നൽകുന്നതിന്.".

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 22842/Leg. C2/2016/Law. *Dated, Thiruvananthapuram, 3rd April, 2017 / 20th Meenam, 1192 / 13th Chaithra, 1939*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Act, 2017 (6 of 2017).

By order of the Governor,

B. G. HARINDRANATH,
Law Secretary.

(3.) തൊഴിലാളി വിഹിതമായി അടച്ച അംശദായം പെൻഷൻ പറ്റി പിരിയുമ്പോൾ തിരികെ നൽകും.

[Translation in English of "2017-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്" published under the auth... the Governor.]

...T 6 OF 2017

THE KERALA SHOPS AND COMMERCIAL ESTABLISHMENTS WORKERS' WELFARE FUND (AMENDMENT) ACT, 2017

An Act further to amend the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006.

Preamble.—WHEREAS, it is expedient further to amend the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006, for the purposes hereinafter appearing;

BE it enacted in the Sixty-eighth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Act, 2017.

(2) It shall be deemed to have come into force on the 15th day of March, 2007.

2. *Amendment of section 3.*—In the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006 (24 of 2006), in sub-section (4) of section 3, after clause (f), the following clauses shall be inserted, namely:—

"(g) for payment of the amount remitted as employees contribution by a member who has made contribution to the Fund continuously at least for a period of two years, in the event of getting employment in Government or semi-Government Institutions, if such member has not availed any benefits from the Fund;

(h) for payment of the amount remitted as contribution to the Fund to the dependants of a member who is not eligible for financial assistance on death.".

©

കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 6 Vol. VI	തിരുവനന്തപുരം, തിങ്കൾ Thiruvananthapuram, Monday	2017 ഏപ്രിൽ 3 3rd April 2017 1192 മീനം 20 20th Meenam 1192 1939 ചൈത്രം 13 13th Chaithra 1939	നമ്പർ No. 663

കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 22842/ലെഗ്.സി2/2016/നിയമം. *തിരുവനന്തപുരം, 2017 ഏപ്രിൽ 3 / 1192 മീനം 20 / 1939 ചൈത്രം 13.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2017 ഏപ്രിൽ 1-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു...

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

ക്രമ നമ്പർ	കോഴ്സിന്റെ പേര്	സ്കോളർഷിപ്പ് തുക	കോഴ്സിന്റെ ദൈർഘ്യം	ആകെ തുക
1	ബി.ആർക്ക്	2000/-	4	8000/-
2	ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്കനോളജി (DMLT)	750/-	2	1500/-
3	ഫാം.ഡി (Pharm.D)	750/-	6	4500/-
4	എം.എച്ച്.ആർ.എ (മാസ്റ്റർ ഓഫ് ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ്)	1500/-	2	3000/-
5	ഡി.ഫാം (D.Pharm)	750/-	2	1500/-
6	മാസ്റ്റർ ഡിഗ്രി ഇൻ ലൈബ്രറി സയൻസ്	2000/-	2	4000/-
7	ഡിപ്ലോമ ഇൻ ജേർണലിസം	750/-	1	750/-
8	പി.ജി.ഡി.സി.എ	750/-	2	1500/-
9	ബാച്ചിലർ ഓഫ് വൊക്കേഷൻ (Bvoc)	1000/-	3	3000/-
10	എം.സി.എ	2500/-	2	5000/-

B.Sc. MLT → 71st Board meeting approved dtd 09/5/18
included in PG Degree 2000/-

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ടോം ജോസ്

അഡിഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ഉണ്ട്)
ധനകാര്യ വകുപ്പ് (10.05.17-ലെ 470748/എച്ച്&എൽ.എ 2/2017/ധന, പ്രകാരം)
സംഭരണ ഫയൽ / ഓഫീസ് കോപ്പി.

BFA → 74th Board meeting approved
(included in Degree course)
1000/-

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

RECEIVED 16 JUN

RECEIVED
CEO
FO
ED(HQ)
SUPT

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് - വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ. (സാധാ.)/725/2017/തൊഴിൽ തിരുവനന്തപുരം തീയതി 05/06/2017

പരാമർശം 1) 22.01.16-ലെ സ.ഉ (സാധാ) 66/2016/തൊഴിൽ

2) കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.02.17-ലെ ഇ 1/283/2014 നം കത്ത്.

ഉത്തരവ്

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതിയിൽ പരാമർശം (1) ഉത്തരവ് പ്രകാരം ഉൾപ്പെട്ടിട്ടില്ലാത്ത കോഴ്സുകൾ ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്യണമെന്ന് കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പരാമർശം (1) പ്രകാരം നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത 10 കോഴ്സുകൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അതേപടി നിലനില്ക്കുന്നതാണ്.

.........Contd

©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

KERALA GAZETTE
കേരള ഗസറ്റ്

EXTRAORDINARY
അസാധാരണം

PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIV / വാല്യം 54 | Thiruvananthapuram, Monday / തിരുവനന്തപുരം, തിങ്കൾ | 5th January 2009 / 2009 ജനുവരി 5 / 15th Pousha 1930 / 1930 പൌഷം 15 | No. / നമ്പർ 37

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 18643/ലെജി. സി2/2008/നിയമം. *തിരുവനന്തപുരം, 2009 ജനുവരി 5 / 1930 പൌഷം 15*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2009 ജനുവരി 3-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജോൺ ബ്രിട്ടോ,
നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.

33/78/2009/DTP.

2009-ലെ 5-ാം ആക്റ്റ്

2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (ജി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ 1948-ലെ ഫാക്ടറീസ് ആക്റ്റോ, 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റോ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി ഈ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല.";

(67)

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിലെ (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക തിരികെ നൽകുന്നതിന്".

4. '3എ' എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. കേരള തൊഴിലാളി ക്ഷേമനിധിയിൽ അംഗമായതും കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്നതുമായ തൊഴിലാളി നിധിയിലെ അംഗമാണെന്ന്.—(1) 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1977-ലെ 11) എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള തൊഴിലാളി ക്ഷേമനിധിയിൽ അംഗമായതും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്നതുമായ ഒരു തൊഴിലാളി ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളി ആയിരിക്കുന്നതും ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിൽ അംഗമാകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അംഗമാകുന്ന തൊഴിലാളി, 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൻകീഴിലുള്ള തൊഴിലാളി ക്ഷേമനിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(7)

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 18643/Leg. C2/08/Law. *Dated, Thiruvananthapuram, 5th January, 2009*
15th Pousha, 1930.

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Act, 2008 (5 of 2009).

By order of the Governor,

K. JOHN BRITTO,
Special Secretary (Law).

File No.LBRD-R1/24/2018-LBRD

1.406.18
08/08/18

SEC
FO
EDIHQ
SUPT

08 AUG 2018

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് 01.04.17 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ നല്കുന്നതിനും പെൻഷന്റെ 50% തുക ഫാമിലി പെൻഷൻ നല്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(കൈ) നം.49/2018/തൊഴിൽ തീയതി,തിരുവനന്തപുരം, 02/08/2018

പരാമർശം:- 1കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽഎസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12.02.2018-ലെ ഇ/561/2014 നമ്പർ കത്ത്.

ഉത്തരവ്

2007-ൽ രൂപീകൃതമായ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗതൊഴിലാളികൾക്ക് 01.04.17 മുതൽ പെൻഷൻ നല്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.കേരള സർക്കാർ അംഗീകരിച്ച ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ സർക്കാർ നിരക്കായ 1100/-രൂപ ക്ഷേമനിധി അംഗങ്ങൾക്ക് പ്രതിമാസപെൻഷനായി 01.04.2017 മുതൽ മുൻകാല പ്രാബല്യത്തോടെ, കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന പെൻഷൻതുക വർദ്ധനവ് പ്രാബല്യത്തിൽ വരത്തക്കവണ്ണം വിതരണം ചെയ്യുന്നതിനും, പെൻഷന്റെ 50% തുക ഫാമിലി പെൻഷനായും അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പെൻഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ചെലവ് ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ലാൽ
അഡീഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ,ചെറുന്നിയൂർ ടവേഴ്സ് ,ഒന്നാം നില,വഞ്ചിയൂർ.പി.ഒ,തിരുവനന്തപുരം.

File No.LBRD-R1/128/2018-LBRD

1407/18
08/08/18

08 AUG 2018

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് 01.04.17 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ നല്കുന്നതിനും പെൻഷന്റെ 50% തുക ഫാമിലി പെൻഷൻ നല്കുന്നതിനും അനുമതി നല്കിയ ഉത്തരവിൽ തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(കൈ) നം.51/2018/തൊഴിൽ തീയതി,തിരുവനന്തപുരം, 03/08/2018

പരാമർശം:- 1 02.08.2018 -ലെ സ.ഉ.(കൈ)നം.49/2018/തൊഴിൽ.

ഉത്തരവ്

പരാമർശ ഉത്തരവ് മൂന്നാം ഖണ്ഡികയിലെ 'വർദ്ധിപ്പിക്കുന്നതിനാവശ്യമായ'എന്ന വാക്കിന് പകരം'വിതരണം ചെയ്യുന്നതിനാവശ്യമായ'എന്ന വാക്കുകൾ ചേർത്ത് മേൽ ഉത്തരവ് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.പരാമർശ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ അതേപടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ലാൽ
അഡീഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ,ചെറുന്നിയൂർ ടവേഴ്സ് ,ഒന്നാം നില,വഞ്ചിയൂർ.പി.ഒ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം

ലേബർ കമ്മീഷണർ,തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (2.07.2018-ലെ 577591 H&L-A2/133/2017-Fin നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ,പബ്ലിക്ക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ - അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു -

---

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം.93/2019/ധന.

തീയതി, തിരുവനന്തപുരം, 21/02/2019

പരാമർശം :-06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

<u>ഉത്തരവ്</u>

സംസ്ഥാനത്ത് നിലവിൽ 45.19 ലക്ഷത്തിലധികം പേർ സാമൂഹ്യ സുരക്ഷാ പെൻഷനും 6.50 ലക്ഷത്തിലധികം പേർ സർക്കാർ ധനസഹായമുപയോഗിച്ച് ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നു. കൂടാതെ ചില ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ടിൽ നിന്നും ലക്ഷക്കണക്കിനു പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. അർഹരായ ഗുണഭോക്താക്കൾ മാത്രം സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നു എന്ന് ഉറപ്പാക്കുന്നതിനു വേണ്ടി അർഹതാ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അത് പ്രകാരം ഇ പി എഫ് പെൻഷൻ ലഭിക്കുന്നവർക്ക് (പുതിയ അപേക്ഷകർക്ക്) സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്നും 1200 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്ന , പുതിയ അപേക്ഷകർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്നും ഉത്തരവായിരുന്നു. പുതുതായി ഉൾപ്പെടുത്തിയ അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. വീടിന്റെ തറ വിസ്തൃതി സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ നിന്നും ഒഴിവാക്കുന്നു.

ii. പ്രതിമാസം 2000 രൂപ വരെ ഇ.പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും . എന്നാൽ പ്രതിമാസം 2000/- രൂപയ്ക്ക് മുകളിൽ ഇ. പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ്

പെൻഷൻ പ്രതിമാസം 600/- രൂപനിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3) ഇ. പി. എഫ് പെൻഷൻ പ്രതിമാസം 2000 രൂപ വരെ ലഭിക്കുന്നവരുടെ കാര്യത്തിൽ ഇ പി എഫ് പെൻഷൻ ലഭിക്കുന്ന ബാങ്ക് പാസ്സ് ബുക്കോ മറ്റ് ബന്ധപ്പെട്ട രേഖകളോ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമേ ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂ എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ/ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാർ ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത പാസ്സ് ബുക്കിന്റെ /ബന്ധപ്പെട്ട രേഖയുടെ പകർപ്പ് സേവന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

4) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ ബി

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഐ ടി മിഷൻ

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E File no 878985)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യം വകുപ്പ്-കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് ബോർഡ് എടുത്ത തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(സാധാ) നം.**1125/2019/**തൊഴില് തീയതി,തിരുവനന്തപുരം, 19/09/2019

പരാമർശം:- 1 3/5/19 ലെ കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ബി/1525/17 നമ്പർ കത്ത്

ഉത്തരവ്

കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് 2018-19 വർഷത്തിൽ എസ്.എൽ.സി, +2, സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയത്തിനും A+ഉം, സിബിഎസ്ഇ, ഐസിഎസ്ഇ വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും 90% ശതമാനത്തിന് മുകളിൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് 3000/- രൂപയും, (മൂവായിരം) ബിരുദ/ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുളള്) കോഴ്സുകളിൽ ഉന്നത വിജയം നേടിയ 60% മാർക്കിൽ കുറയാതെ വിജയികളായവരിൽ നിന്നും, ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് 5000/- രൂപയും,(അയ്യായിരം) ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുളള) വിദ്യാർത്ഥികൾക്ക് 7500/-രൂപയും(ഏഴായിരത്തിഅഞ്ഞൂറ്) ക്യാഷ് അവാർഡ് നൽകുന്നതിന് ബോർഡ് എടുത്ത തീരുമാനത്തിന് അംഗീകാരം നൽകണമെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. പരാമർശ കത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.സർക്കാർ ടി വിഷയം പരിശോധിച്ച .പരാമർശ കത്തിൽ അവശ്യപെട്ട പ്രകാരം ക്യാഷ് അവാർഡ് നൽകുന്നതിന് ബോർഡ് എടുത്ത തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു.

2) മേൽ പറഞ്ഞ് ക്യാഷ് അവാർഡ് നൽകുന്നതിനുളള തുക ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്,
തിരുവനന്തപുരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LBRD-R1/173/2019-LBRD

KS & CE CEO

'ഭരണഭാഷ- മാതൃഭാഷ'

EO Supt.

349/20 19/2/2020

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് ബോർഡ് എടുത്ത തീരുമാനത്തിന് അംഗീകാരം നൽകിയ ഉത്തരവിന്മേൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(കൈ) നം.12/2020/തൊഴില് തീയതി,തിരുവനന്തപുരം, 18/02/2020

പരാമർശം:- 1 19/09/2019-ലെ സ.ഉ (സാധാ) 1125/2019/തൊഴിൽ

2 19/09/2019-ലെ സ.ഉ (സാധാ) 1125/2019/തൊഴിൽ16/01/2020-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ബി/ /2018 നമ്പർ കത്ത്

ഉത്തരവ്

കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്-അംഗങ്ങളുടെ മക്കൾക്ക് 2018-19 വർഷത്തിൽ ബിരുദ/ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള) കോഴ്സുകളിൽ ഉന്നത വിജയം നേടിയ 60% മാർക്കിൽ കുറയാതെ വിജയികളായവരിൽ നിന്നും, ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് ബിരുദ വിദ്യാർത്ഥികൾക്ക് 5000/-രൂപയും, ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള) വിദ്യാർത്ഥികൾക്ക് 7500/-രൂപയും (ഏഴായിരത്തിയഞ്ഞൂർ) ക്യാഷ് അവാർഡ് നൽകുന്നതിന് ബോർഡ് എടുത്ത തീരുമാനത്തിന് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ക്ഷേമനിധി അംഗങ്ങളുടെ ബിരുദ/ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള) കോഴ്സുകളിൽ ഉന്നത വിജയം നേടിയ 60% മാർക്കിൽ കുറയാതെ വിജയികളായ എല്ലാ വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുവാൻ 77-ാംമത് ബോർഡ് യോഗം തീരുമാനിച്ചിരുന്നുവെന്നും, ആയതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. നിലവിലെ ഉത്തരവ് പ്രകാരം ക്യാഷ് അവാർഡ് നൽകുമ്പോൾ കുറച്ച് പേർക്ക് മാത്രമേ നൽകുവാൻ സാധിക്കുകയുള്ളുവെന്ന ബോർഡിന്റെ അപേക്ഷ പരിഗണിച്ച് പരാമർശം (1)-ലെ ഉത്തരവിന്മേൽ ഭേദഗതി വരുത്തി ബോർഡിലെ ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ ബിരുദ/ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള) കോഴ്സുകളിൽ ഉന്നത വിജയം നേടിയ 60% മാർക്കിൽ കുറയാതെ വിജയികളായ എല്ലാ വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്നതിന് ബോർഡ് എടുത്ത തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പറഞ്ഞ ക്യാഷ് അവാർഡ് നൽകുന്നതിനുള്ള തുക ബോർഡിന്റെ തനത് ഫണ്ടിൽ

നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
അണ്ടർ സെക്രട്ടറി

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
2) ലേബർ കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
4) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LBRD-R1/15/2019-LBRD

KS & CEWWF
CEO
EO (HQ)
ഭരണഭാഷ- മാതൃഭാഷ

449/20
27/2/2020

KS & CEWWF Board
27 FEB 2020
Thiruvananthapuram

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് - വിദ്യാഭ്യാസാനുകൂല്യ പദ്ധതി-ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

G.O.(Rt)No.253/2020/LBR തീയതി,തിരുവനന്തപുരം, 26/02/2020

പരാമർശം:- 1 സ.ഉ (സാധാ).1517/09/തൊഴിൽ തിയ്യതി 29/08/2009

2 സ.ഉ (സാധാ)68/2016/തൊഴിൽ തിയ്യതി22/01/2016

3 സ.ഉ (സാധാ) 725/2017തൊഴിൽ തിയ്യതി 05/0/2017

4 21/11/2018.-ലെ ബോർഡിന്റെ 74-ാംമത് യോഗ തീരുമാനം.

5 കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14/01/2019-ലെ ഇ/1525/2017നമ്പർ കത്ത്.

ഉത്തരവ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതി ആവശ്യമായ ഭേദഗതി വരുത്തുന്നതിനു പരാമർശം (4)-ലെ ബോർഡ് യോഗം തീരുമാനിക്കുകയും ടി തീരുമാനപ്രകാരം വിദ്യാഭ്യാസാനുകൂല്യമായി ഹയർ സെക്കന്ററി കോഴ്സുകൾക്ക് നിലവിൽ നൽകുന്ന പ്രതിവർഷ നിരക്ക് 750/- രൂപയിൽ നിന്നും 1000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും, സർക്കാർ അംഗീകരിച്ച മറ്റ് കോഴ്സുകൾക്ക് നിലവിൽ നൽകുന്ന പ്രതിവർഷ നിരക്കിൽ 500/- രൂപയുടെ വർദ്ധനവ് വരുത്തുന്നതിന് യോഗ തീരുമാനം ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (5)-ലെ കത്ത് പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. സർക്കാർ ടി കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) -ലെ ബോർഡ് യോഗത്തിന്റെയും, പരാമർശം (5) -ലെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം (1), (2) സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കോഴ്സുകൾക്കും (ഹയർ സെക്കന്ററി കോഴ്സുകൾ ഒഴികെ)നിലവിൽ നൽകുന്ന പ്രതിവർഷ സ്കോളർഷിപ്പ് നിരക്കിൽ 500/- രൂപ വീതം വർദ്ധിപ്പിച്ചും,ഹയർ സെക്കന്ററി കോഴ്സുകൾക്കുള്ള പ്രതിവർഷ നിരക്ക് 750/- രൂപയിൽ നിന്നും 1000 രൂപയാക്കി വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
D LAL
ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം. (ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ഉണ്ട്)

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് - കലാ-കായിക സാംസ്കാരിക രംഗത്ത് പ്രാഗൽഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗതൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(സാധാ) നം.255/2020/തൊഴില് തീയതി,തിരുവനന്തപുരം, 26/02/2020

പരാമർശം:- 1 29/05/2019-ലെ ബോർഡിന്റെ 77-ാമത് യോഗം അജണ്ട ഇനം നം.8

2 കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/06/2019-ലെ ബി/1525/2017നമ്പർ കത്ത്.

ഉത്തരവ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനി അംഗതൊഴിലാളികളുടെ മക്കളിൽ കലാ-കായിക സാംസ്കാരിക രംഗത്ത് പ്രാഗൽ തെളിയിക്കുന്നവർക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി 2018 വർഷം മുതൽ സ്പോർട്ട് കൗൺസിൽ അംഗീകരിച്ച കായികയിനങ്ങളിൽ ദേശീയതലത്തിലും, സംസ്ഥാന കലോൽസവങ്ങളിലും, സർവ്വകലാശാല തലത്തിലും ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിക 3000/- രൂപ (മൂവായിരം രൂപ മാത്രം) അവാർഡ് തുകയായി നൽകുന്നതിന് പരാമർശം (1)- ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)-ലെ കത്ത് പ്രക ബോർഡ് സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. 2018-19 അദ്ധ്യയന വർഷവും ു വർഷങ്ങളിലും മേൽ പറഞ്ഞ പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിന് അനുവാദം ബോർഡ ...നൽകി ഉത്തരവാകുന്നു. ഇത് സംബന്ധിച്ച അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ ത ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
അണ്ടർ സെക്രട്ടറി

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
2) ലേബർ കമ്മിഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
4) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LBRD-R1/22/2020-I

O/o the CEO
KS & CEWWF Board
20 MAY 2020
Thiruvananthapuram

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് - വിദ്യാഭ്യാസാനുകൂല്യ പദ്ധതി-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(സാധാ) നം.430/2020/തൊഴില് തീയതി,തിരുവനന്തപുരം, 10/04/2020

പരാമർശം:- 1 29/09/2009-ലെ സ.ഉ (സാധാ) 1517/09/തൊഴിൽ

2 22/01/2016ലെ സ.ഉ (സാധാ) 68/2016/തൊഴിൽ

3 05/08/2017-ലെ സ.ഉ (സാധാ) 725/2017തൊഴിൽ

4 21/11/2018.-ലെ ബോർഡിന്റെ 74-ാംമത് യോഗത്തിന്റെ അജണ്ട ഇനം നമ്പർ.3

5 കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/02/2019-ലെ ഇ/305/2016നമ്പർ കത്ത്.

ഉത്തരവ്

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽപരാമർശം (1) ലെ ഉത്തരവ് പ്രകാരം നിലവിൽവന്ന വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിയിൽപരാമർശം (2) ലെ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തി നിശ്ചിത കോഴ്സുകളിൽ യോഗ്യത പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഓരോ കോഴ്സിനും പ്രവേശനം നേടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം അപേക്ഷകർക്ക് അദ്ധ്യായന കാലയളവിൽ സ്കോളർഷിപ്പ് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പരാമർശം (4)-ലെ ബോർഡ് യോഗ തീരുമാനപ്രകാരം അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി ഹയർ സെക്കന്ററി കോഴ്സിന് ഓരോ ജില്ലയിലേയും തൊഴിലാളികളുടെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 300 അംഗത്വത്തിന് ഒരു സ്കോളർഷിപ്പ് എന്ന നിലയിലും നോൺ പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് 500 അംഗത്വത്തിന് 1 സ്കോളർഷിപ്പ് എന്ന നിലയിലും പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് 1000 അംഗത്വത്തിന് 1 സ്കോളർഷിപ്പ് എന്ന നിലയിലും അനുവദിച്ചു കൊണ്ട് നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യപദ്ധതിയിൽ ഭേദഗതി വരുത്തണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ടി കാര്യം വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിയിൽ ഭേദഗതി ചെയ്യുള്ള ബോർഡ് ശുപാർശയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ലാല്

അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം. (ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ഉണ്ട്)

സംഭരണ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ